നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 9 Issue - 2 February 2020





മതിലിനു പിറകിലോ നിൽക്കുന്നത്?

പേജ് 14

വില 20 രൂപ

Editorial

നല്ലതു തിരഞ്ഞെടുക്കുക, നല്ലവരായിരിക്കുക

നല്ല സാധനങ്ങൾ കണ്ടെത്തി അതു തിരഞ്ഞെടുക്കുക എന്നതു നമ്മുടെ സ്വഭാവമാണ്. പച്ചക്കറി വാങ്ങിയാലും പച്ചമീൻ വാങ്ങിയാലും അതു നല്ലതായിരിക്കണം എന്നു നമുക്കു നിർബ്ബന്ധമുണ്ട്. മക്കളുടെ വിവാഹം നിശ്ചയിക്കുമ്പോൾ അതു നല്ല ബന്ധുതയായിരിക്കണം എന്നതും നമുക്കു നിർബ്ബന്ധം. നമ്മോടിടപെടുന്നവർ നന്നായി പെരുമാറണം എന്നതും നമ്മുടെ ആഗ്രഹമാണ്. എല്ലാം നല്ലതുതന്നെ. എന്നാൽ ഈ എല്ലാക്കാര്യങ്ങളിലും നാം തിരിച്ചങ്ങോട്ടും അങ്ങനെതന്നെ ആയിരിക്കണം എന്ന നിർബ്ബന്ധം നമുക്കുണ്ടോ? മറ്റുള്ളവർ നമ്മിൽനിന്നും പ്രതീക്ഷിക്കുന്നത് അതാണ് എന്ന് ഓർമ്മയിൽ കരുതുക.

കേടുപാടുകൾ സംഭവിച്ച ഗൃഹോപകരണങ്ങൾ കേടുമാറ്റി നാം സംരക്ഷിക്കുന്നു. സ്വീകരണമുറി ആകർഷകമാക്കാൻ നാം പ്രദർശിപ്പിച്ചിരിക്കുന്ന അലങ്കാരവസ്തുക്കൾ തുടച്ചു വൃത്തിയാക്കി ഭംഗി വരുത്തി സൂക്ഷിക്കുന്നു. ഇവയ്ക്ക് ആരെങ്കിലും ഒരു പോരായ്മ ചൂണ്ടിക്കാട്ടിയാൽ നാം അതു പരിഹരിച്ച് മനോഹരമാക്കുന്നു. നമ്മുടെ സ്വഭാവത്തിനും പ്രകൃതത്തിനും അപാകതകളും പാകപ്പിഴകളും ഉള്ളത് നാം അറിഞ്ഞെന്നു വരില്ല. ആരെങ്കിലും ചൂണ്ടിക്കാട്ടുമ്പോഴേ നമുക്കതു മനസ്സിലാകൂ. അതിനെ സ്വാഗതം ചെയ്യുന്ന മനോഭാവമാണ് നമുക്കു ഗുണം ചെയ്യുക. വചനമാകുന്ന കണ്ണാടിയിൽ ശ്രദ്ധിച്ചുനോക്കിയാൽ നമ്മിലെ ആത്മമനുഷ്യന്റെ പോരായ്മകൾ കണ്ടെത്താൻ കഴിയും, ഇക്കാര്യത്തിലും ചിലപ്പോൾ ആത്മികരായ മറ്റുചിലരുടെ സഹായം പ്രയോജനം ചെയ്യും. നമ്മുടെ ശ്രദ്ധയിൽപ്പെടാത്ത പലതും അഭിഷിക്ത ദൈവദാസന്മാരുടെ വചന ശുശ്രൂഷയിലൂടെയും മറ്റും പരിശുദ്ധാത്മാവു നമ്മുടെ ശ്രദ്ധയിൽപ്പെടുത്തും. അതു ശരിക്കും ഉൾക്കൊണ്ടാൽ സംഭവിച്ചുപോയ പോരായ്മയെക്കുറിച്ചു നമുക്കു ലജ്ജ തോന്നുകയും നാം കഴുകി നമ്മെത്തന്നെ വെടിപ്പാക്കുകയും ചെയ്യും. ഈ ലക്കത്തിലെ സന്ദേശം വായിച്ച് അതിന്റെ ഉള്ളടക്കം ഉൾക്കൊണ്ടാൽ ഇതു മനഃപ്പൂർവ്വവും ശ്രദ്ധാപൂർവ്വവും ചെയ്യേണ്ടതാണെന്ന ബോധ്യം നമുക്കുണ്ടാകും.

നല്ലതു തിരഞ്ഞെടുക്കുന്നതുപോലെ തന്നെ പ്രധാനമാണ് കൊള്ളാത്തതു വല്ലതും അബദ്ധവശാൽ കൈവശമുണ്ടെങ്കിൽ നീക്കിക്കളയുക എന്നതും. അതു ചിലപ്പോൾ അല്പം ക്ലേശകരമായ കാര്യമായിരിക്കും, കാരണം ചിലതു ഇതിനോടകം മുറുകെ പറ്റിപ്പിടിച്ചിരിക്കാം. അതിനെ ചെത്തിമാറ്റി ഉപേക്ഷിക്കുന്നതു വേദനാജനകമായെന്നു വരാം. അഴുകുന്ന വസ്തുക്കൾ നിമിത്തമുള്ള ദുർഗന്ധം ചിലപ്പോൾ മറ്റുള്ളവർക്കായിരിക്കും നമ്മെക്കാൾ മുമ്പേ അനുഭവപ്പെടുന്നത്. നമ്മുടെ സ്വഭാവത്തിന്റെ കാര്യത്തിലും ദുർഗന്ധം ഉണ്ടാക്കുന്ന ചിലത് കടന്നുകൂടി എന്നു വരാവുന്നതാണ്. അതു ചൂണ്ടിക്കാട്ടുമ്പോൾ പ്രശ്നനിവാരണം വരുത്തുക എന്നത് നമ്മുടെ കർത്തവ്യമാണ്. ദോഷകരമെന്നു തിരിച്ചറിഞ്ഞ് ഒരിക്കൽ ഉപേക്ഷിച്ചുകളഞ്ഞതിനെക്കുറിച്ച് ഏതോ വിലപ്പെട്ടതിനെ നഷ്ടപ്പെടുത്തിയതുപോലെ ഉള്ളിൽ കണക്കാക്കുകയോ അതിലേക്കു വീണ്ടും തിരിയുകയോ ചെയ്യുന്നതും ഉചിതമല്ല. പത്രോസിന്റെ ഭാഷയിൽ 'നായ് ഛർദ്ദിച്ചതിലേക്കു വീണ്ടും തിരിയുന്നതുപോലെ' യുള്ള അറപ്പാർന്ന പ്രവൃത്തിയാണത് (2 പത്രോസ് 2.22). മനുഷ്യന്റെ മുമ്പിലും ദൈവതിരുമുമ്പാകെയും നമ്മെ വെടിപ്പുള്ളവരാക്കി നിർത്തുവാൻ പരിശുദ്ധാത്മാവിന്റെ ഉപദേശത്തിനും നിയന്ത്രണത്തിനും വിധേയപ്പെടുക. ഈ വിശുദ്ധീകരണ പ്രവർത്തിക്കു പ്രോത്സാഹനമേകുവാൻ നേർവീഥിയുടെ ശുശ്രൂഷയെ ദൈവം ഉപയോഗിക്കുമെന്ന പ്രതീക്ഷയോടെ ഫെബ്രുവരി ലക്കം സമർപ്പിക്കുന്നു.

പുസ്തകം 9 ലക്കം 2
ഫെബ്രുവരി 2020

ഈ ലക്കത്തിൽ

സ്വയം തിരുത്തുന്നതു അഭികാമ്യം 4
ജോയ് എം. തോമസ്

ആഘോഷങ്ങൾക്ക് ആഘാതമേൽക്കുമ്പോൾ 7
സാജു മാത്യു

വെയ്സ്റ്റുകൾ മാറ്റുക 9
ബാബു ചെറിയാൻ

രണ്ടാം സങ്കീർത്തനം ഇന്നത്തെ സംഭവങ്ങളുടെ വെളിച്ചത്തിൽ 11
കാനം അച്ചൻ

മതിലിനു പിറകിലോ നിൽക്കുന്നത്? 14
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

ആർക്കും പ്രിയമല്ലാത്ത വാർധക്യം 16
അനു ഗ്രേസ് ചാക്കോ

അപകടകരമായ ചുവടുമാറ്റം 19
ഡേവിഡ് വിൽക്കേഴ്സൺ

പ്രത്യാശയും ആനന്ദവും 20
ചെയ്സ് ജോസഫ്

പ്രയോജനമുള്ളത് ഒന്നും മറച്ചുവെക്കരുത് 23
ജോൺസൺ കടമ്പനാട്

വനിതാ വീഥി 25
എൽസി ജോയ്

പ്രതിഫലം നിശ്ചയിക്കുന്നതു മനോഭാവം 28
ജോയ് എം. തോമസ്

ഉലയുന്ന പടകിലാണു യാത്ര 31
കെ.വി. രാജു

മാനേജിങ് എഡിറ്റർ
ജോയ് എം. തോമസ്

എഡിറ്റർ
കെ.വി. രാജു

കൺസൾട്ടന്റ് എഡിറ്റർ
എം.സി. കുര്യൻ

മാനേജർ
പി.വി. വർഗീസ്

അഡ്വൈസറി ബോർഡ്
സുവി. പി.ഐ. ഏബ്രഹാം
പാസ്റ്റർ ബാബു ചെറിയാൻ
പാസ്റ്റർ കെ.ജെ. മാത്യു
ഡോ. മാത്യു ഫിന്നി
ഡോ. സി.റ്റി. ലൂയിസ്കുട്ടി

ഗ്രാഫിക്സ്
ഷൈൻ കെ. സാമുവൽ

Address :

Righteous Path Publication Trust
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

Office : 8547916678
Editor : 9447764084

www.nerveedhi.com
e-mail:
editornerveedhi@gmail.com
nerveedhi@yahoo.com

Edited, Printed and Published by K.V Raju on behalf of the Righteous Path Publication Trust and printed at Penta Offset Press, Kanjikuzhy, Kottayam–686004 and published at Mackal Building, Amayannoor P.O, Kottayam -686019.

Annual Subscription ` 200.00



ജോയ് എം. തോമസ്

സ്വയം തിരുത്തുന്നതു അഭികാമ്യം

ഞാൻ ശരിയായിരിക്കണം എന്ന ആഗ്രഹം ഓരോരുത്തർക്കും ഉണ്ടാകണം. അതു ഏറ്റവും നല്ലതാണ്. എന്നാൽ 'ഞാൻ ശരിയാണ്' എന്ന വാദം അപകടകരമാകും. തെറ്റുകൾ തിരുത്തുന്നതിനാൽ മാത്രമേ നമുക്കു 'ശരി' യാകുവാൻ കഴികയുള്ളൂ. എന്നാൽ ആരെങ്കിലും നമ്മെ തിരുത്തുന്നതു നമുക്കു ഇഷ്ടമാണോ? അല്ലതാനും! നമ്മുടെ 'ഈഗോ' മുറിവേൽക്കപ്പെടുന്നു, അല്ലേ? നാം അഭിമുഖീകരിക്കുന്ന ഈ പ്രശ്നത്തിനു ഒരു പരിഹാരം ആവശ്യമല്ലേ? അല്ലെങ്കിൽ നമ്മുടെ വളർച്ച മുരടിക്കുമല്ലോ! അതിനാൽ നാം കരുതിക്കൊള്ളേണ്ട ചില കാര്യങ്ങൾ ഉണ്ട്.

1) **പരിശുദ്ധാത്മാവിനു വിധേയപ്പെടുക.**

വീണ്ടുംജനനം പ്രാപിച്ച ഓരോരുത്തരും തുടർന്നുള്ള ജീവിതത്തിൽ പരിശുദ്ധാത്മാവിനാൽ നടത്തപ്പെടേണ്ടവരാണ്. "ദൈവാത്മാവു നടത്തുന്ന ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു" (റോമർ 8 : 14) എന്നാണ് തിരുവചന ഭാഷ്യം. പഴയ ജീവിതത്തിൽ നാം ഓരോരുത്തരും സ്വന്തം വഴിയിൽ നടന്നവരാണ്. മാനസാന്തരത്താൽ അതിനു മാറ്റം വന്നു. നാം ഇനി നടക്കേണ്ടതു ദൈവത്തിന്റെ വഴിയിൽ ആണ്. ദൈവത്തിന്റെ വഴി കൃത്യമായി അറിയുന്ന പരിശുദ്ധാത്മാവാണ് നമ്മുടെ വഴികാട്ടി. പരിശുദ്ധാത്മാവു നടത്തുമ്പോൾ നമ്മെ സകല സത്യത്തിലും നടത്തും എന്നതാണ് വാസ്തവം. "സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും" (യോഹന്നാൻ 16 : 13). അതിനാൽ പരിശുദ്ധാത്മാവിനു നാം വിധേയപ്പെടുമ്പോൾ സത്യം അഥവാ 'ശരി' എന്നതു ഓരോ വിഷയത്തിലും നാം തിരിച്ചറിഞ്ഞു തുടങ്ങുകയാണ്.

പരിശുദ്ധാത്മാവിനു വിധേയപ്പെടുക എന്നു പറഞ്ഞാൽ ദൈവവചനം അനുസരിക്കുവാൻ സമർപ്പിതരാകുക എന്നാണ് മനസ്സിലാക്കേണ്ടത്. പരിശുദ്ധാത്മാവു നടത്തുന്നതു ദൈവവചനത്തിലെ പൊരുൾ തിരിച്ചറിയുവാൻ നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കുന്നതിനാലാണ്. ദൈവവചനമാണ് നമ്മുടെ പാതക്കു പ്രകാശമായിരിക്കുന്നത് (സങ്കീർത്തനം 119 : 105). അതിനാൽ ദൈവവചനധ്യാനം ഓരോ വിശ്വാസിക്കും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. ജീവിത തിരക്കുകൾ വർധിക്കുന്നതിനാൽ പലരും 'വേണ്ട' എന്നു വെച്ചിരിക്കുന്നതോ, വെട്ടിച്ചുരുക്കുന്നതോ വചനധ്യാനവും പ്രാർഥനയുമാണ് എന്നതു വളരെ അപകടകരമായ ഒന്നാണ്. നാം നമ്മെത്തന്നെ തിരുത്തേണ്ട ഒന്നാമത്തെ വിഷയം ഇതു തന്നെയാണ്.

പരിശുദ്ധാത്മാവു വഴി നടത്തുന്നതിനെക്കുറിച്ചുള്ള അബദ്ധ ധാരണകളും വിശ്വാസവും പലരിലും വേരുറപ്പിച്ചിട്ടുണ്ട്. ദർശനം, സ്വപ്നം, പ്രവചനം എന്നിവയാണ് പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനാധാരമായി പലരും കാണുന്നത്. അതിനാൽ ഇനി ഒരു തിരുത്തൽ സാധ്യമല്ലാത്തവണ്ണം പലരും തെറ്റിപ്പോകുന്നു. പരിശുദ്ധാത്മാവിന്റെ പേരിൽ ജനത്തെ വഴി തെറ്റിക്കുന്നവരും വർധിച്ചുവരികയാണ്. പരിശുദ്ധാത്മാവിനു വിധേയപ്പെട്ടു ദൈവവചനം ധ്യാനിക്കുകയും പഠിക്കുകയും ചെയ്യുവാൻ ഓരോരുത്തരും സ്വയം തയ്യാറാകുന്നതിനാൽ മാത്രമേ ഈ മാരകമായ തെറ്റു

തിരുത്തുവാൻ സാധ്യമാകുകയുള്ളൂ.

2) സ്വയം തിരുത്തുന്നതു ശീലമാക്കുക

ദൈവമക്കൾ കർത്തൃമേശയിൽ പങ്കുകൊള്ളുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്, "മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്വാൻ" (1 കൊരിന്ത്യർ 11 : 28). തന്നെത്താൻ ശോധന ചെയ്യുന്നവർക്കു മാത്രമേ സ്വയം തിരുത്തുവാനും തെറ്റുകൾ ഏറ്റുപറഞ്ഞു ശുദ്ധീകരണം പ്രാപിക്കുവാനും കഴികയുള്ളൂ. കർത്തൃമേശ അനുഷ്ഠിക്കുന്നതു കർത്താവിനെ ഓർക്കുവാനാണ്. "എന്റെ ഓർമ്മക്കായി ഇതു ചെയ്വീൻ" എന്നാണ് കർത്താവു കല്പിച്ചത്. നമ്മുടെ പാപങ്ങളെ മോചിച്ച് നമ്മെ രക്ഷിക്കുവാനാണ് യേശു ക്രൂശിൽ മരിച്ചത്. നമ്മുടെ 'പാപമോചനം' ആണ് യേശുവിനു ഏറ്റവും വലിയ കാര്യമായിരിക്കുന്നത്. അതിനാൽ നാം ഓരോരുത്തരും തന്നെത്താൻ ശോധന ചെയ്യുന്നതാണ് കർത്താവു ഏറ്റവും ഇഷ്ടപ്പെടുന്നത്. തെറ്റുകൾ തിരുത്തുവാനുള്ള യഥാർത്ഥ ആഗ്രഹത്തോടെ തന്നെത്താൻ ശോധന ചെയ്യുന്നതു നമ്മുടെ ശീലമാക്കിയാൽ വിശുദ്ധിയിൽ നമുക്കു വളരുവാൻ കഴിയും എന്നതിനു സംശയം വേണ്ട.

തെറ്റുകൾ സംഭവിക്കുന്നതല്ല തെറ്റ്. തെറ്റുകളെ സമ്മതിക്കാത്തതാണ് യഥാർത്ഥ തെറ്റ്. തെറ്റുകൾ മനുഷ്യസഹജമാണ്. അതിനാൽ വചനം നമ്മെ ഉപദേശിക്കുന്നു, "നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1 യോഹന്നാൻ 1 : 8, 9). നമ്മിൽ ഓരോരുത്തരുടേയും പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി ശുദ്ധീകരിക്കുവാൻ യേശു കർത്താവു മനസ്സുള്ളവനാണ്. അതിനായി തന്റെ മുഴുവൻ രക്തവും താൻ ചൊരിഞ്ഞു നൽകി. പക്ഷെ പ്രശ്നം നമ്മുടെ ഭാഗത്താണ്. എന്താണു പ്രശ്നം? പാപങ്ങളെ സമ്മതിച്ചു ഏറ്റു പറയുന്നില്ല. തെറ്റുകളെ ന്യായീകരിക്കുന്നതും മൂടിവയ്ക്കുന്നതുമാണ് മനുഷ്യസഭാവം. അതിനു മാറ്റം ഉണ്ടാകണം. തെറ്റുകൾ സമ്മതിക്കാത്തത് സ്വയവഞ്ചനയാണ്. ക്ഷമ പ്രാപിക്കുവാനും ശുദ്ധീകരണം പ്രാപിക്കുവാനുമുള്ള സമയവും അവസരവും നഷ്ടപ്പെടുത്തുകയാണ്. അതു എത്ര വലിയ നഷ്ടമെന്നു അറിയാമോ? ന്യായവിധി ദിവസത്തിൽ നാം കണക്കു പറയേണ്ടവരല്ലേ?

തെറ്റുകളെ ന്യായീകരിക്കുന്നതും മൂടിവയ്ക്കുന്നതുമാണ് മനുഷ്യസഭാവം. അതിനു മാറ്റം ഉണ്ടാകണം. തെറ്റുകൾ സമ്മതിക്കാത്തത് സ്വയവഞ്ചനയാണ്. ക്ഷമ പ്രാപിക്കുവാനും ശുദ്ധീകരണം പ്രാപിക്കുവാനുമുള്ള സമയവും അവസരവും നഷ്ടപ്പെടുത്തുകയാണ്

3) യേശുവിനെ ധ്യാനിക്കുക

"വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക" (എബ്രായർ 12 : 2) എന്നാണ് നമുക്കുള്ള നിർദ്ദേശം. യേശുവാണ് നമ്മുടെ മാതൃക. യേശുവിന്റെ കാൽച്ചുവടുകളെ പിന്തുടരുന്നതാണ് ക്രിസ്തീയ ജീവിതം. അതിനാൽ തെറ്റും ശരിയും തിരിച്ചറിയുന്നതിനു യേശുവുമായിട്ടാണ് നാം നമ്മെ താരതമ്യം ചെയ്യേണ്ടത്. യേശുവിനെപ്പോലെ ആകുക എന്നതാണല്ലോ നമ്മുടെ ലക്ഷ്യം. യേശുവിനെ നോക്കുമ്പോഴാണ് നാം ഓരോരുത്തരും നമ്മിലെ കുറവുകളെക്കുറിച്ചു ബോധ്യമുള്ളവരാകുന്നത്. അപ്പോൾ നമുക്കു നമ്മെത്തന്നെ താഴ്ത്തുവാനും നമ്മെ മെനയുന്നതിനു കർത്താവിന്റെ കരങ്ങളിലേക്കു വിധേയപ്പെടുത്തി കൊടുക്കുവാനും കഴിയും. അപ്പോഴാണ് യഥാർത്ഥ ശുദ്ധീകരണം നമ്മിൽ സംഭവിക്കുന്നത്.

നാം ആത്മാർത്ഥതയോടെ നമ്മിലേക്കു നോക്കിയാൽ, യേശുവിനെപ്പോലെ ആകുവാൻ ആഗ്രഹമുണ്ടെങ്കിലും അതിനു നാം വഴങ്ങിക്കൊടുക്കുന്നില്ല എന്ന യാഥാർത്ഥ്യം നമുക്കു കണ്ടെത്തുവാൻ കഴിയും. മൂല്യങ്ങൾ എന്നു കരുതി നാം മുറുകെ പിടിക്കുന്ന ചില സ്വഭാവങ്ങൾ തന്നെയാണ് പ്രധാന തടസ്സം. നാം അഭിമാനമായി കരുതുന്നതു ദുരഭിമാനമാണെന്നു നാം തിരിച്ചറിയുന്നില്ല. കുടുംബ പാരമ്പര്യവും, തലക്കനവും അംഗീകാരത്തിനുള്ള വിലപേശലും തുടങ്ങിയ എത്രയോ കാര്യങ്ങൾ നമ്മുടെ ഉള്ളിൽ ഒളിഞ്ഞിരിപ്പുണ്ട്. കർത്താവ് നമ്മെ മെനഞ്ഞെടുക്കുന്നതിനു തന്റെ കരങ്ങളിൽ വഴങ്ങിക്കൊടുക്കുവാൻ

നമുക്കു കഴിയുന്നില്ല. "തന്നെത്തന്നെ ത്യജിച്ചു തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കാത്തവൻ എനിക്കു യോഗ്യനല്ല" എന്നു കർത്താവു പറയുന്നതിന്റെ സാരം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. വ്യവസ്ഥകളില്ലാതെ, കർത്താവിനെ പൂർണ്ണമായി വിശ്വസിച്ചു നമ്മെത്തന്നെ ഏല്പിച്ചു കൊടുത്തേ മതിയാകൂ.

4) നല്ല മാതൃകകൾ അനുകരിക്കുക.

യേശുക്രിസ്തുവാണ് നമ്മുടെ മാതൃക. എന്നാൽ ക്രിസ്തുവിനെ അനുകരിക്കുന്നതിൽ പലരേയും നമുക്കു മാതൃകയാക്കുവാൻ കഴിയും. പൗലോസ് പറഞ്ഞു, "ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങൾ എന്റെ അനുകാരികൾ ആകുവീൻ" (1 കൊരിന്ത്യർ 11 : 1). താൻ ക്രിസ്തുവിനെ അനുകരിക്കുന്നതു അനുകരിക്കുവാനാണ് പൗലോസ് പറയുന്നത്. ഇന്നു നമുക്കു ക്രിസ്തുവിനെ അനുകരിക്കുന്നതിനു നല്ല മാതൃകകൾ കാണാനില്ലാതെ പോകുന്നു എന്ന ആക്ഷേപം ഉണ്ട്. പൗലോസ് ഫിലിപ്പിയായിലെ വിശ്വാസികളെ പ്രബോധിപ്പിച്ചു,"സഹോദരന്മാരെ, നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പിൻ; ഞങ്ങൾ നിങ്ങൾക്കു കാണിച്ച മാതൃക പ്രകാരം നടക്കുന്നവരെയും കുറിക്കൊൾവീൻ" (ഫിലിപ്പിയർ 3:17) ഇന്നും കർത്താവിനെ അനുകരിക്കുന്നവർ ഉണ്ടെന്നുള്ളതു വാസ്തവമാണ്. പ്രാർത്ഥനയോടെ തിരയുന്നവർക്കു നല്ല മാതൃകകൾ കണ്ടെത്തുവാൻ കർത്താവു സഹായിക്കും. അത്തരം വ്യക്തികളോടുള്ള സഹകരണം ആത്മീക ജീവിതത്തിൽ ഉത്സാഹം പകരും.

മറ്റുള്ളവരുടെ സ്വാധീനം നമ്മുടെ മേൽ ഉണ്ടെന്നുള്ളതു ഒരു പരമാർത്ഥമാണ്. ആരാണ് നമ്മെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നത് എന്നു നാം കണ്ടെത്തണം. നാം ആരുടെ ഒക്കെ സഖിത്വത്തിലാണ് നടക്കുന്നത്. കർത്താവിനെ ഹൃദയംഗമമായി സ്നേഹിക്കുന്നവരുമായി കൂട്ടായ്മയുടെ ബന്ധം ഉണ്ടാകണം. "ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നില്ക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും" എന്നുള്ള പ്രബോധനം നാം ശരിക്കും ശ്രദ്ധിക്കേണ്ടതാണ്. ക്രിസ്തുവിനെ അനുകരിക്കുന്നതിൽ മാതൃക കാട്ടുന്നവരെ കുറിക്കൊള്ളുക. അതു നമുക്കു നമ്മെത്തന്നെ തിരുത്തുന്നതിനും ശരി ഉൾക്കൊണ്ടു മുന്നേറുന്നതിനും സഹായകമാകും.

ആരാണ് നമ്മെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നത് എന്നു നാം കണ്ടെത്തണം. നാം ആരുടെ ഒക്കെ സഖിത്വത്തിലാണ് നടക്കുന്നത്. കർത്താവിനെ ഹൃദയംഗമമായി സ്നേഹിക്കുന്നവരുമായി കൂട്ടായ്മയുടെ ബന്ധം ഉണ്ടാകണം.

5) തിരുത്തലുകളെ നന്ദിപൂർവ്വം സ്വീകരിക്കുക.

മറ്റുള്ളവരുടെ കുറ്റം കണ്ടുപിടിക്കുന്നതു എളുപ്പമാണ്. എന്നാൽ സ്വന്തം തെറ്റ് കണ്ടുപിടിക്കുവാൻ ബുദ്ധിമുട്ടായിരിക്കും. അതിനാൽ നമുക്കു ഓരോരുത്തർക്കും വിമർശകരുണ്ടാകുക സ്വാഭാവികമാണ്. നമുക്കു അതിനെ ക്രിയാത്മകമായി കാണുവാൻ കഴിയണം. തെറ്റു ചൂണ്ടിക്കാണിക്കുന്നവരോടു പിണങ്ങരുത്. അവർക്കു നന്ദി പറയുക. തെറ്റു ചൂണ്ടിക്കാണിക്കുന്നവർ നമ്മെ സ്നേഹിക്കുന്നവരായിരിക്കുവാനാണ് സാധ്യത. എന്റെ തെറ്റ് ചൂണ്ടിക്കാണിച്ച ആത്മാർത്ഥതയ്ക്കു നന്ദി എന്നു പറയുമ്പോൾ അവർ നമ്മെ സ്നേഹിക്കുന്നവരല്ല എങ്കിൽ പിന്നീടു നമ്മെക്കുറിച്ചു എന്തെങ്കിലും പറയുവാൻ സാധ്യത കുറവാണ്. നമുക്കു പ്രയോജനം ചെയ്യുന്ന ഒരു കാര്യം സ്നേഹം ഇല്ലെങ്കിൽ ചെയ്യുകയില്ലല്ലൊ.

തെറ്റുകൾ ഉള്ള, തെറ്റുകൾ സംഭവിക്കാവുന്ന വ്യക്തിയായി നാം നമ്മെ അംഗീകരിക്കുന്നതു താഴ്മയുടെ മുഖമാണ്. അതു ഉയർച്ചയ്ക്കുള്ള പടിയാണ്. ഈ ഒരു മനോഭാവം നമുക്കു ഉണ്ടെങ്കിൽ വിമർശനങ്ങളെ സ്വാഗതം ചെയ്യുവാൻ നമുക്കു കഴിയും. അതു നമ്മുടെ നന്മയ്ക്കായി കൂടി വ്യാപരിക്കയും ചെയ്യും.

നാം ജീവിക്കുന്ന ഈ കാലം ദുഷ്ക്കാലമാണ്. "അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ, നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ" (വെളിപ്പാട് 22 : 11) എന്നു കർത്താവു അരുളിച്ചെയ്തിരിക്കുന്നു. ലക്ഷ്യത്തിൽ എത്തുക എന്നതു നമ്മുടെ ആവശ്യം ആണ്. ആകയാൽ സ്വയം തിരുത്തി, വിശുദ്ധിയിൽ നിന്നും വിശുദ്ധിയിലേക്കു വളരാം. ആമേൻ! ∎



സാജു മാത്യു

ആഘോഷങ്ങൾക്ക് ആഘാതമേൽക്കുമ്പോൾ

"അന്നു ദാവീദ് ദൈവത്തെ ഭയപ്പെട്ടുപോയി. ഞാൻ ദൈവത്തിന്റെ പെട്ടകം എങ്ങനെ എന്റെ അടുക്കൽ കൊണ്ടുവരേണ്ടൂ എന്നു പറഞ്ഞു" (1 ദിനവൃത്താന്തം 13:12)

ആഘോഷങ്ങൾക്കു കുറവൊന്നുമില്ലാത്ത ഒരു കാലമാണിത്. ആയാസകരമായ ജോലികളുടെ അമിതഭാരം ഒരു നിമിഷത്തേക്കെങ്കിലും ഇറക്കിവെക്കുവാൻ വെമ്പുന്ന ആധുനിക മനുഷ്യന് ആഘോഷങ്ങൾ ഒരു അനിവാര്യതയാകുന്നു! ആത്മീയലോകത്തും ആഘോഷങ്ങൾക്കു പഞ്ഞമൊന്നുമില്ല. അതുകൊണ്ടാവാം ലോക്കൽ കൺവൻഷനുകൾക്കുപോലും ചിലർ ഇപ്പോൾ 'ഉത്സവം' എന്നു കൂടെ ചേർത്തു പേരിടുന്നത്.

ആഘോഷങ്ങൾ അനിവാര്യം തന്നെ. ദൈവം അത് അംഗീകരിക്കുന്നുമുണ്ട്. അതുകൊണ്ടാണല്ലോ തിരുവചനത്തിൽ 'യഹോവയുടെ ഉത്സവ'ങ്ങൾക്കു വളരെയേറെ പ്രാധാന്യം കൊടുത്തിരിക്കുന്നത്. ആഘോഷം ദൈവത്തിനു പ്രധാനം തന്നെ. ആറുദിവസം കൊണ്ട് സൃഷ്ടിയുടെ പ്രവൃത്തി ചെയ്ത യഹോവ ഏഴാം ദിവസം 'വിശ്രമിച്ചു' എന്നു വേദപുസ്തകം പറയുന്നു. 'വിശ്രമിക്കുക എന്നാൽ ഉറങ്ങുകയൊന്നുമല്ല (നമ്മുടെ ദൈവം ഉറങ്ങുന്ന ദൈവം അല്ലല്ലോ) വിശ്രമമെന്നാൽ വാസ്തവത്തിൽ അത് ആഘോഷമാണ്. താൻ സൃഷ്ടിച്ചതിനെയൊക്കെ ദൈവം നല്ലതെന്നു കണ്ടു, ആസ്വദിച്ചു. അതുകൊണ്ട് ആഘോഷങ്ങൾക്ക് അതിൽത്തന്നെ തെറ്റൊന്നുമില്ല. എന്നാൽ, ആഘോഷങ്ങൾ ചിലപ്പൊഴൊക്കെ വഴിതെറ്റിപ്പോകാറുണ്ട്. പ്രത്യേകിച്ചും അതിന്റെ പ്രയോഗത്തിൽ. ചിലപ്പോൾ ലക്ഷ്യങ്ങളിൽപോലും പാളിച്ച വരാം. ഇങ്ങനെ വരുമ്പോൾ ദൈവത്തിന് ഇടപെടാതിരിക്കാൻ കഴിയാതെവരും. അത്തരമൊരു സന്ദർഭമാണു 1 ദിനവൃത്താന്തം 13:1-14 വരെ വേദഭാഗത്തുള്ളത്.

ഏലിപുരോഹിതന്റെ കാലത്ത് ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ യിസ്രായേൽ തോറ്റപ്പോൾ അവർക്കു നഷ്ടമായതു നേതാക്കളായ ഹോഫ്നിയെയും ഫീനെഹാസിനെയും മാത്രമല്ല, ദൈവത്തിന്റെ പെട്ടകത്തെയും കൂടെയാണ് (1 ശമുവേൽ 5). എന്നാൽ പെട്ടകം ഫെലിസ്ത്യർക്കു വലിയൊരു ബാധ്യതയായിത്തീർന്നു. അവരതു യിസ്രായേലിലേക്കു മടക്കി അയച്ചു. പലയിടങ്ങളിൽ ചുറ്റിക്കറങ്ങി. ഇപ്പോൾ ദാവീദിന്റെ കാലത്തു അതു കിര്യത്ത്-യെയാരീമിൽ എത്തിയിരിക്കുന്നു.

ശൗലിന്റെ കാലം കഴിഞ്ഞ് ദാവീദ് രാജാവായപ്പോൾ അവൻ ചരിത്രമൊക്കെ പഠിച്ചു. യിസ്രായേലിന്റെ ജീവിതത്തിൽ യഹോവയുടെ പെട്ടകം എക്കാലത്തെയും ഒരു ഭാഗ്യപേടകം ആയിരുന്നുവെന്ന് അവൻ മനസ്സിലാക്കി. അതു ദാവീദിന്റെ നഗരത്തിലേക്കു, യെരുശലേമിലേക്കു കൊണ്ടുവരുവാൻ അവൻ ആഗ്രഹിച്ചു.

ചിലരെങ്കിലും തെറ്റിദ്ധരിക്കുന്നതുപോലെ, ദാവീദ് ഫെലിസ്ത്യരുടെ കയ്യിൽ നിന്നും പെട്ടകം വീണ്ടെടുത്തുകൊണ്ടുവരുന്ന ചിത്രമൊന്നുമല്ല ഈ വേദഭാഗത്തുള്ളത്. അതു കാലങ്ങളായി യിസ്രായേലിൽ തന്നെയുണ്ട്. അത്ര മോശമല്ലാത്ത നിലയിൽ അതു സംരക്ഷിക്കപ്പെടുകയും ചെയ്തിരുന്നു (1 ശമുവേൽ 7:1). എന്നാൽ, അതു യെരുശലേമിലല്ലായിരുന്നു. യഹോവയുടെ പെട്ടകം സ്വന്തം നഗരത്തിലെത്തിച്ചാൽ എല്ലാ യുദ്ധങ്ങളിലും വിജയം ഉറപ്പിക്കാമെന്നു ദാവീദ്

ചിന്തിച്ചു. അതുകൊണ്ടാണു ദാവീദ് ദൈവത്തിന്റെ പെട്ടകം ആഘോഷമായി യെരുശലേമിൽ എത്തിക്കാൻ പരിശ്രമിക്കുന്നത്.

ദാവീദ് കാര്യം സഹസ്രാധിപന്മാരോടും ശതാധിപന്മാരോടും സകല നായകന്മാരോടും ആലോചിച്ചു. പിന്നെ യിസ്രായേലിന്റെ സർവ്വ സഭയോടും പറഞ്ഞു 'നിങ്ങൾക്കു സമ്മതവും നമ്മുടെ ദൈവമായ യഹോവയ്ക്കു ഹിതവുമാകുന്നുവെങ്കിൽ പെട്ടകം നാം നമ്മുടെ അടുത്തുകൊണ്ടുവരിക' (1 ദിനവൃത്താന്തം 13 : 1-3).

ഇവിടെ ജനഹിതവും ദൈവഹിതവും കൂട്ടിയോജിപ്പിക്കാനാണു ദാവീദ് പരിശ്രമിക്കുന്നത്. അതിൽ കുഴപ്പമുണ്ടോ എന്നു ചോദിച്ചേക്കാം. നടന്നാൽ കൊള്ളാം എന്നേ പറയാനാവൂ. പലപ്പോഴും അതു നടക്കണമെന്നില്ല. ഇവിടെ ദാവീദും ഇക്കാര്യത്തിൽ പരാജയപ്പെടുകയാണ്.

"ഇക്കാര്യം സകല ജനത്തിനും ബോധിച്ചതുകൊണ്ട് അങ്ങനെ തന്നെ ചെയ്യണമെന്ന് സർവ്വ സഭയും പറഞ്ഞു" (1 ദിനവൃത്താന്തം 13: 4). ദാവീദ് പെട്ടകം കൊണ്ടുവരുവാൻ ക്രമീകരണങ്ങൾ ചെയ്തു. (1 ദിനവൃത്താന്തം 13: 5). നിങ്ങൾക്കു സമ്മതവും ദൈവത്തിനു ഹിതവും എന്നു പറഞ്ഞാണു ദാവീദ് കാര്യങ്ങൾ തുടങ്ങിയതെങ്കിലും ജനങ്ങൾക്ക് സമ്മതമാണെന്നറിഞ്ഞപ്പോൾ, ഭൂരിപക്ഷം ഉറപ്പായപ്പോൾ പിന്നെ ദൈവഹിതം അന്വേഷിക്കാനൊന്നും മിനക്കെട്ടില്ല. "ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ" ജനഹിതമല്ല, ദൈവഹിതമാണ് ആദ്യം തിരക്കേണ്ടത്. ജനഹിതം കൂടെ ഒത്തുകിട്ടിയാൽ സന്തോഷം. (പലപ്പോഴും അതു ബുദ്ധിമുട്ടാണ്). ജനഹിതം എന്തായാലും ദൈവഹിതം നിർവ്വഹിക്കുവാൻ തീരുമാനിക്കുന്നവനാണു ദൈവപുരുഷൻ.

ജനഹിതം അനുകൂലമാണെന്നറിഞ്ഞപ്പാൾ പിന്നെ ദാവീദ് എന്തുകൊണ്ട് അതു ദൈവഹിതമാണോ എന്നു തിരക്കിയില്ല? ഉത്തരം ഒന്നേയുള്ളൂ. അതു ദൈവഹിതമായിരിക്കും എന്നു അവൻ ചിന്തിച്ചുപോയി. ദൈവത്തിന്റെ പെട്ടകം ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്തു മഹിമയോടെ പ്രതിഷ്ഠിക്കുന്നതു ദൈവഹിതമല്ലാതെ വരുമോ, എന്നായിരിക്കണം അവൻ ചിന്തിച്ചത്... ദാവീദിന്റെ ഈ അപകടത്തിൽ നാമും പലപ്പോഴും ചെന്നു വീഴാറുണ്ട്. നല്ല കാര്യമല്ലെ നാം ചെയ്യുന്നത്? ഇതു ദൈവഹിതമല്ലാതെ വരുമോ എന്നാണു നമ്മുടെ ചോദ്യം. ഒരു കാര്യം നാം മറക്കരുത്. എല്ലാ നല്ല കാര്യങ്ങളും ദൈവഹിതമായിരിക്കണമെന്നില്ല. പ്രായമുള്ള ഒരു മിഷനറി ഒരു യുവ മിഷൻ ലീഡറോട് ഒരിക്കൽ സംഭാഷിക്കുകയായിരുന്നു. "മോനേ, നീ പുതിയ സഭയൊക്കെ സ്ഥാപിച്ചെന്നു പറയുന്നതു കേട്ടല്ലോ.

'എന്നാൽ നീ സ്വർഗത്തിൽ ചെല്ലുമ്പോൾ നീ എന്തൊക്കെ ചെയ്തെന്നല്ല ദൈവം ചോദിക്കുന്നത്. പിന്നെയോ ഞാൻ പറഞ്ഞിട്ടാണോടാ നീ ഇതൊക്കെ ചെയ്തത്' എന്നേ ചോദിക്കൂ.

"അതെ, അതെ, ഇപ്പോൾ നൂറുകണക്കിനു ലോക്കൽ സഭകളായി" എന്നു യുവമിഷനറി പറഞ്ഞു. "നീ ബൈബിൾ സ്കൂളും തുടങ്ങിയോ?"

"തുടങ്ങിയോ എന്നോ? പലയിടങ്ങളിൽ ട്രെയിനിംഗ് സ്കൂളുകൾ, പിന്നെ ഉപരിപഠനത്തിന് ഒരു ബൈബിൾകോളജും തുടങ്ങി. യുവമിഷനറി വാചാലനായി.

"നീ സ്കൂളും തുടങ്ങിയെന്നു കേട്ടല്ലോ മോനേ", വൃദ്ധ മിഷനറി ചോദിച്ചു. "വെറും സ്കൂളല്ല... സി.ബി.എസ്.സിയാ... അവിടെയാ രാഷ്ട്രീയനേതാക്കളുടെ മക്കളൊക്കെ പഠിക്കുന്നത്. അതുകൊണ്ടാണല്ലോ നമുക്കു പുറത്തു നിന്നും പ്രശ്നങ്ങളൊന്നും ഇല്ലാത്തത്.....മിഷൻ ലീഡർ വിവരിച്ചു.

"നീ പിന്നെ ആശുപത്രി തുടങ്ങുന്നെന്നു പറഞ്ഞതോ മോനേ?", വൃദ്ധ മിഷനറിയുടെ ചോദ്യം. "അതു പിന്നെ ഇപ്പോൾ സ്പോൺസേഴ്സിനൊക്കെ ജീവകാരുണ്യപ്രവർത്തനങ്ങളിലാ താല്പര്യം..... അതുകൊണ്ടു ഞാനൊരു ആശുപത്രി തുടങ്ങിയേക്കാമെന്നു ചിന്തിച്ചു...." മിഷൻ ലീഡറുടെ വിശദീകരണം.

"കൊള്ളാം മോനേ എല്ലാം കൊള്ളാം", വൃദ്ധ മിഷനറി പറഞ്ഞു. 'എന്നാൽ നീ സ്വർഗത്തിൽ ചെല്ലുമ്പോൾ നീ എന്തൊക്കെ ചെയ്തെന്നല്ല ദൈവം ചോദിക്കുന്നത്. പിന്നെയോ ഞാൻ പറഞ്ഞിട്ടാണോടാ നീ ഇതൊക്കെ ചെയ്തത്' എന്നേ ചോദിക്കൂ.

ഈ സത്യം നാം തിരിച്ചറിയണം. കൊള്ളാവുന്നത് എല്ലാം ദൈവഹിതമാകണമെന്നില്ല. ജനഹിതമെല്ലാം ദൈവഹിതമാകണമെന്നില്ല. ദൈവഹിതം എന്തെന്നു പറയാനുള്ള അവകാശം ദൈവത്തിനുമാത്രമാണ്. അതറിയാൻ ദൈവവുമായി സംസാരിച്ചേ പറ്റൂ. ദൈവഹിതമായിരിക്കും എന്നു വിചാരിച്ച് നാം ചെയ്യുന്ന പല കാര്യങ്ങളും നാം ചെയ്യാൻ ദൈവം ഉദ്ദേശിച്ചിട്ടുണ്ടാവില്ല. വഞ്ചിക്കപ്പെട്ടുപോകരുത്. ▮



ബാബു ചെറിയാൻ

വെയ്സ്റ്റുകൾ മാറ്റുക

നമ്മുടെ രാജ്യം ഇന്ന് നേരിടുന്ന എറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണ് വെയ്സ്റ്റ് മാനേജ്മെന്റ് അഥവാ മാലിന്യ നിർമ്മാർജ്ജനം. മെട്രോ നഗരമായ കൊച്ചിയിലൂടെ യാത്ര ചെയ്യുമ്പോൾ ഏതു മനുഷ്യന്റെയും മനം മടുപ്പിക്കുന്ന ഗന്ധമാണ്. ഒത്തിരി ഒച്ചയും ബഹളവുമുണ്ടാക്കിയെങ്കിലും ഒരു പരിഹാരവും ഇതുവരെ ഉണ്ടായിട്ടില്ല. സ്വന്തം പുരയിടത്തിൽ നിന്ന് അങ്ങോട്ടും ഇങ്ങോട്ടും അല്പം മാറ്റി വലിച്ചെറിയുന്നു എന്ന സംസ്കാര ശൂന്യമായ മാറ്റമാണ് ആകെ വന്നത്. ഗവൺമെന്റ് മുൻകൈയെടുത്തു പലതും ചെയ്യാമെന്നു പറഞ്ഞെങ്കിലും ഒന്നും നടക്കുന്നില്ല. ഈ വർഷം ചില പ്രൈവറ്റു പ്രോജക്ടുകൾ കാണുന്നുണ്ട്. അതാതു ദിവസത്തെ മാലിന്യങ്ങൾ അന്നന്നു തന്നെ ഒരു പ്രത്യേക ഉപകരണത്തിൽ നിക്ഷേപിച്ചു കൊണ്ടിരുന്നാൽ ഒരു മാസം കഴിയുമ്പോൾ ആ വെയ്സ്റ്റ് കമ്പോസ്റ്റായി മാറുന്നു. നല്ല കാര്യം.

ഈ പുതുവർഷത്തിൽ നമ്മുടെ ജീവിതത്തിലെ വെയ്സ്റ്റുകൾ മാറ്റുന്ന കാര്യം നമുക്കൊന്നു ചിന്തിച്ചാലോ? (1 പത്രോസ് 2: 1) "ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജ ഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷക്കായി വളരുവാൻ വചനമെന്ന മായമില്ലാത്ത പാൽകുടിപ്പാൻ വാഞ്ഛിപ്പീൻ." അന്നന്നു നീക്കേണ്ടതു അന്നന്നു നീക്കുക എന്ന തത്വം തന്നെയാണ് ഇവിടെയും നല്ലത്. കാരണം വെയ്സ്റ്റ് എല്ലാ ദിവസവും വന്നുകൊണ്ടിരിക്കും. ഓരോ ദിവസത്തേതും അപ്പോളപ്പോൾ കൈകാര്യം ചെയ്തില്ലായെങ്കിൽ എല്ലാം കൂടി കുന്നുകൂടിയാൽ പിന്നെ പൊക്ളീൻ കൊണ്ടുവരേണ്ടിവരും.

ദീർഘ ഉപവാസ പ്രാർഥനകളും പ്രവാചക സഹായവുമാണ് പൊക്ളീൻ എന്നതുകൊണ്ടുദ്ദേശിച്ചത്. ഒരു സ്ഥലത്തുനിന്നെടുത്തു അടുത്ത സ്ഥലത്തേക്കിടരുത്. എന്റെ തെറ്റുകൾ മറ്റൊരുത്തന്റെ തലയിൽ കെട്ടി വെക്കുന്തോറും ഞാൻ കുറ്റക്കാരൻ ആകുകയേയുള്ളൂ. പിന്നെന്താ പാസ്റ്ററേ പരിഹാരം? ഇതാണ് പലരുടേയും ചോദ്യം. രണ്ടു മാർഗങ്ങളാണ് ഇപ്പോൾ പറഞ്ഞു കേൾക്കുന്നത്. 1) പൂർണ്ണമായി ദഹിപ്പിച്ചു നശിപ്പിക്കുക 2) റീസൈക്കിൾ ചെയ്യുക. ഈ രണ്ടു

എന്റെ തെറ്റുകൾ മറ്റൊരുത്തന്റെ തലയിൽ കെട്ടി വെക്കുന്തോറും ഞാൻ കുറ്റക്കാരൻ ആകുകയേയുള്ളൂ. പിന്നെന്താ പാസ്റ്ററേ പരിഹാരം? ഇതാണ് പലരുടേയും ചോദ്യം. രണ്ടു മാർഗങ്ങളാണ് ഇപ്പോൾ പറഞ്ഞു കേൾക്കുന്നത്. 1) പൂർണ്ണമായി ദഹിപ്പിച്ചു നശിപ്പിക്കുക 2) റീസൈക്കിൾ ചെയ്യുക. ഈ രണ്ടു മാർഗങ്ങളും ആത്മീയത്തിലും ഉപയോഗിക്കാം.

മാർഗങ്ങളും ആത്മീയത്തിലുമുപയോഗിക്കാം. നമ്മുടെ തെറ്റുകളും, പരാജയങ്ങളും, അറിവില്ലായ്മകളും ദൈവസന്നിധിയിൽ കൊണ്ടുചെന്നാൽ അതു അനേക ദൈവമക്കൾക്കു ഉപകാരപ്രദമായ പാഠങ്ങളാക്കി ദൈവം തീർക്കും. സ്തോത്രം. അതാണ് റീസൈക്കിൾ സംവിധാനം.

പഴയനിയമത്തിലെ ഒരു കുടുംബത്തിനു സംഭവിച്ച തെറ്റുകൾ ആ കുടുംബനാഥ സമ്മതിച്ചേറ്റുപറഞ്ഞപ്പോൾ ദൈവം അതു നന്മയാക്കിത്തീർത്തു. അതാണ് രൂത്തിന്റെ പുസ്തകം നൽകുന്ന സന്ദേശം. എലീമലേക്കും കുടുംബവും ക്ഷാമകാലത്തു ബേത്ലഹേം വിട്ടു മോവാബിലേക്കു പോയതു ദൈവഹിതമല്ലായിരുന്നു. മറ്റുള്ളവരും അതേ ക്ഷാമകാലത്തു യിസ്രായേലിൽ ജീവിച്ചല്ലോ. ഇവർ മാത്രം സ്വന്തം കാര്യം നോക്കി സഭയും കൂട്ടായ്മയും ഉപേക്ഷിച്ചുപോയി. എന്നാൽ മോവാബ് ദേശത്തു വെച്ച് അനേക അനർഥങ്ങളും, കഷ്ടങ്ങളും അവർ ഏറ്റുവാങ്ങേണ്ടിവന്നു. എന്നാൽ ഒടുവിൽ നവോമി തന്റെ തെറ്റു തിരിച്ചറിഞ്ഞ് ദൈവസന്നിധിയിൽ വന്നപ്പോൾ മോവാബിൽ നിന്നു ലഭിച്ച രൂത്തിനെ ദൈവം ഒരു അനുഗ്രഹമാക്കി മാറ്റി. "അവളുടെ അയൽക്കാരികൾ നെവോമിക്കൊരു മകൻ ജനിച്ചു എന്നു പറഞ്ഞ് അവന് ഓബേദ് എന്നു പേർ വിളിച്ചു. ദാവീദിന്റെ പിതാവായ യിശ്ശായിയുടെ പിതാവ് ഇവൻ തന്നെ" (രൂത്ത് 4 : 17).

വീണ്ടും ജനിച്ച ദൈവമക്കളുടെ ജീവിതത്തിൽ നിന്ന് സകല ദുഷ്ടതയും എല്ലാ ചതിവും, വ്യാജഭാവവും, അസൂയയും, എല്ലാ നുണയും നീക്കി കളയണം എന്നു തിരുവചനം പറയുമ്പോൾ വിശുദ്ധന്മാരുടെ ജീവിതത്തിൽ ഇതൊക്കെയുണ്ടെന്നറിയണം. നമ്മളാരും പൂർണ്ണത പ്രാപിച്ചിട്ടില്ല. അനുദിനം നീക്കേണ്ടതു നീക്കി ശുദ്ധീകരണം പ്രാപിക്കുന്നില്ലായെങ്കിൽ രക്ഷയിൽ നാം വളരുകയില്ല. നീക്കുക മാത്രമല്ല വചനം എന്ന മായമില്ലാത്ത പാൽ കുടിക്കയും വേണം. നീക്കേണ്ടതു നീക്കാതെ പാൽ കുടിച്ചാൽ വളർച്ചയല്ല വരൾച്ചയായിരിക്കും ഫലം. പുതുവർഷത്തിൽ പഴയതെല്ലാം നീക്കി വൃത്തിയാക്കാം. വചനത്തിന്റെ നിർമ്മല സത്യങ്ങൾ ആസ്വദിച്ച് രക്ഷക്കായി വളരാം. •

കേട്ടറിവ്

തിന്മ എന്നാലെന്ത്?

ഒരു സയൻസ് ക്ലാസിൽ നിരീശ്വരനായ അധ്യാപകൻ കുട്ടികളോടു ചോദിച്ചു 'നിലവിലുള്ളതെല്ലാം സൃഷ്ടിച്ചതു ദൈവമാണോ?' അതെ എന്ന് ഉത്തരം പറയാൻ ഒന്നിലേറെ പേരുണ്ടായി.

ഒരു പരിഹാസ ചിരിയോടെ അധ്യാപകൻ ചോദിച്ചു അപ്പോൾ "തിന്മ (evil) എന്നൊന്നു നിലവിലുണ്ടോ? ഉണ്ടെങ്കിൽ അതും സൃഷ്ടിച്ചതു ദൈവമല്ലേ? ആകെ നിശബ്ദത നിലനിന്നപ്പോൾ അധ്യാപകന്റെ തല കുറെക്കൂടെ ഉയർന്നു, ക്രിസ്തീയ വിശ്വാസങ്ങൾ തെറ്റാണെന്നു താൻ ഒരിക്കൽകൂടി തെളിയിച്ചിരിക്കുന്നു എന്ന ഗർവ്വോടെ.

അപ്പോളതാ ഒരു മറുചോദ്യവുമായി ഒരു കുട്ടി എഴുന്നേറ്റു. 'സർ, തണുപ്പ് എന്നൊന്ന് ഉണ്ടോ?'. 'എന്താ സംശയം, കമ്പളി ഉടുപ്പു ധരിക്കുന്ന നിനക്കു തണുപ്പുണ്ടെന്നുള്ളതിന് മറ്റെന്താണു തെളിവു വേണ്ടത്'?

കുട്ടിയുടെ ചോദ്യം വീണ്ടും. 'ഇരുട്ട് എന്നൊന്നുണ്ടോ സർ'? അതിനു 'തീർച്ചയായും' എന്നായിരുന്നു മറുപടി.

സർ, സയൻസ് അധ്യാപകനായ അങ്ങയുടെ രണ്ടുത്തരവും തെറ്റി. അങ്ങു ഞങ്ങളെ പഠിപ്പിച്ചിട്ടുള്ള സയൻസ് പറയുന്നത് ചൂടിന്റെ അഭാവത്തെയാണ് തണുപ്പ് എന്നു പറയുന്നത് എന്നാണ്. തണുപ്പിനെയല്ലല്ലോ അളക്കാൻ പറ്റുന്നത്, ചൂടിനെയല്ലേ? അതു മൈനസാകുന്ന അവസ്ഥയെ തണുപ്പ് എന്നു പറയുന്നു എന്നല്ലേ ഉള്ളൂ. അതുപോലെ ഇരുട്ട് എന്നു പറയുന്നത് വെളിച്ചത്തിന്റെ അഭാവത്തെയല്ലേ? ഇരുട്ടല്ലല്ലോ അളക്കുന്നത്, വെളിച്ചത്തിന്റെ തോതല്ലേ? അതുപോലെയാണു സാർ തിന്മയും. നന്മയുടെ അഭാവമാണ് തിന്മ. ദൈവം സൃഷ്ടിച്ചത് നന്മയാണ്. ദൈവത്തിൽനിന്നും മനുഷ്യൻ എത്ര അകലുന്നുവോ അത്രത്തോളം അവനിൽനിന്നും നന്മ അകന്നു നില്ക്കും, അതിനു തിന്മ എന്നു നാം പേരു പറയുന്നു എന്നതാണു സത്യം.



കാനം അച്ചൻ

രണ്ടാം സങ്കീർത്തനം ഇന്നത്തെ സംഭവങ്ങളുടെ വെളിച്ചത്തിൽ

ദൈവത്തിന്റെ പുസ്തകമായ വേദപുസ്തകത്തിന്റെ ആശയവും അതിന്റെ ക്രമീകരണവും എല്ലാം അത്ഭുത വിഷയങ്ങളാണ്. പല ചൂണ്ടു പലകകൾ ഒരു സ്ഥാപനത്തെ ചൂണ്ടി കാണിക്കുന്നതുപോലെ 66 പുസ്തകങ്ങളും യേശുക്രിസ്തുവായ പരമ ലക്ഷ്യത്തെ ചൂണ്ടിക്കാണി ക്കുന്നു. പ്രവചനപരമായി പഠിച്ചാൽ 66 പുസ്തകങ്ങൾ യേശുക്രിസ്തു വിനെ മൂലക്കല്ലും അടിസ്ഥാന ശിലയുമായി അംഗീകരിച്ചുകൊണ്ട് ദൈവം ചെയ്യുന്ന ഒരു മഹാ പ്രവൃത്തിയാണ് ചില അല്പബുദ്ധിക ളുടെ ചിന്താഗതിയിൽ ഉല്പത്തി പുസ്തകത്തിനും മറ്റും വെളിപ്പാടു പുസ്തകത്തോളം പ്രാധാന്യമോ പ്രസക്തിയോ ഇല്ല എന്നാണ്. അത് അപകടകരമായ ഒരു ചിന്താഗതിയാണ്. ഒരു മനുഷ്യന്റെ ശിരസ്സിലൂടെ ഒഴുകുന്ന രക്തത്തിനും അവന്റെ പാദങ്ങളിൽ പ്രവഹിക്കുന്ന രക്ത ത്തിനും തമ്മിൽ വലിയ വ്യത്യസമില്ല. ഒരു ഉദാഹരണം പറഞ്ഞു എന്നേ ഉള്ളൂ.

വേദപുസ്തകം വായിക്കാതെ തന്നെ മുഴുവൻ വേദപുസ്തകവും തന്റെ ദൈവജ്ഞാനത്തിൽ മനസ്സിലാക്കിയവനാണ് നമ്മുടെ കർത്താ വ്. അതേ സമയം പറയട്ടെ മനുഷ്യൻ എന്ന നിലയിൽ എഴുത്തും വായനയും താൻ അംഗീകരിക്കയും ചെയ്തിരുന്നു. സിനഗോഗിൽ പ്രസംഗിക്കുന്നതിനു മുമ്പ് താൻ പ്രവചനഭാഗം വായിച്ച് സംഘാലയ ത്തിന്റെ അധ്യക്ഷൻ അഥവാ പള്ളിപ്രമാണിക്ക് അതു തിരിച്ചുകൊടു ത്തിട്ട് പ്രസംഗിച്ചതായി സുവിശേഷത്തിലുണ്ട്. ചിലർ വേദപുസ്തകം മുഴുവൻ വായിച്ചാലും അതിന്റെ അന്തസാരം മനസ്സിലാക്കുകയില്ല. പൗലോസ് കൊരിന്ത്യർക്ക് എഴുതിയ ലേഖനം കോഴഞ്ചേരിക്കാർക്കു വായിക്കേണ്ട കാര്യമില്ല എന്നാണ് ഒരിക്കൽ നല്ല സുവിശേഷകനായി രുന്ന പൊയ്കയിൽ യോഹന്നാൻ ഒടുവിൽ പഠിപ്പിച്ചത്. വിശ്വാസത്തിൽ വരുന്നത് വളരെ ചിലവേറിയ ഒരു കാര്യമാണ്. എന്നാൽ വിശ്വാസ ത്തിൽനിന്നും പിന്മാറിപ്പോകുന്നത് വളരെയേറെ ദുഃഖകരമായ കാര്യവുമാണ്.

ചില സങ്കീർത്ത നഭാഗങ്ങളിൽ വരുവാനുള്ള മശിഹായെ തന്റെ വരവിനു മുമ്പുതന്നെ പകൽപ്പോലെ വ്യക്തമായി ചിത്രീകരിച്ചി ട്ടുണ്ട്. അക്കൂട്ട ത്തിൽ എടു ത്തുപറയേണ്ട ഒരു സങ്കീർത്ത നഭാഗമാണ് നമ്മുടെ ലേഖ നത്തിന്റെ തല വാചകമായ രണ്ടാം സങ്കീർത്തനം

നമ്മുടെ തലമുറയിൽ വിശ്വാസത്തിന്റെ ഉച്ച കോടിയിൽ എത്തിയെന്ന് അവകാശപ്പെടുന്ന ഒരു കണ്ണൂർസ്വദേശി ഇന്ന് പത്താം നിലയുടെ മുക ളിൽനിന്ന് ചാടുനതുപോലെയായി, എന്തൊ ക്കെയോ വിളിച്ചുപറയുന്നു. താൻ വിട്ടുപോന്ന പഴയസഭയാണു സത്യസഭയെന്നും വിശുദ്ധ മറി യക്കുള്ള സ്ഥാനം ദൈവത്തിനൊപ്പമാണെന്നു പഠിപ്പിക്കുന്ന ആ സഭ സത്യസഭയാണെന്നും ഒക്കെയാണ് ഇപ്പാൾ പറയുന്നത്. വഞ്ചിതനായ ആ പാവപ്പെട്ട സഹോദരന് പെന്തെക്കോ സ്തുകാരിൽ നിന്നു പട്ടത്വസഭയെ മനസ്സിലാക്കു ന്നതിനു പകരം അവിടെ നിന്നുകൊണ്ട് ആ സഭയെ പഠിക്കുവാൻ ഒന്നു ശ്രമിച്ചെങ്കിൽ നന്നാ യിരുന്നു. അടുത്ത സമയത്ത് ഫ്രാൻസിസ് മാർപ്പാപ്പ വിശുദ്ധനായി പ്രഖ്യാപിച്ച ഒരാളാണ് കർദ്ദിനാൾ ന്യൂമാൻ. ഞാൻ ന്യൂമാന്റെ പുസ്ത കങ്ങൾ വായിച്ചിട്ടുണ്ട്. Development of Christian Doctrine എന്ന പുസ്തകം ഒന്നു വായിച്ചു നോക്കണം. റോമാസഭയുടെ ഉപ്പുതൊട്ട് കർപ്പൂരം വരെയുള്ള സകല ആചാരങ്ങളും ഇതര ജാതികളിൽ നിന്നു കടം എടുത്തതാണെന്ന് ന്യൂമാൻ എഴുതിയിട്ടുണ്ട്. അതേപ്പറ്റിയൊക്കെ ഇപ്പോൾ അങ്ങോട്ടു മടങ്ങിച്ചേർന്നവരുടെ അഭി പ്രായം എന്തായിരിക്കുമോ? ജാതികളുടെ സമ്പ്ര ദായങ്ങളെ വെള്ളപൂശി ക്രിസ്തീയമാക്കിയിരി ക്കയാണ് ഇത്തരം സഭകൾ എന്ന ബാലപാഠം എങ്കിലും മനസ്സിലാക്കിയവർ പിന്നെ അതിലേക്കു മടങ്ങിപ്പോകുന്നതെങ്ങനെ? ക്രിസ്തീയ സഭ യിൽനിന്നു ഒരു ന്യൂനപക്ഷത്തെ മാറ്റിനിർത്തി ക്കൊണ്ടു നിരീക്ഷിച്ചാൽ നാലാം നൂറ്റാണ്ടു മുതൽ ചക്രവർത്തിയുടെ സമ്പ്രദായം സ്വീകരിച്ച് വടി യിലും മുടിയിലും വാക്കിലും നോക്കിലും എന്നു വേണ്ട സകലത്തിലും ഒരു മതമായി അതു മാറി പ്പോയ വിവരം ഇത്തരക്കാർ ഇനി എന്നാണു മന സ്സിലാക്കുക. വേദപുസ്തകവും സഭാചരിത്രവും ലോകചരിത്രവും പഠിക്കാതിരുന്നാൽ ഇതൊക്കെ സംഭവിക്കും.

മോശെയുടെ പുസ്തകത്തിലും (ന്യായപ്രമാ ണം) പ്രാവാചകപുസ്തകങ്ങളിലും സങ്കീർത്തന ങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു എന്നാണ് യേശു പ്രസംഗിച്ചത്. ഒരർഥത്തിൽ ഉല്പത്തി മുതൽ മലാഖിവരെ പ്രവാചക ഭാഷ യാണ് ബൈബിളിൽ കാണുന്നത്. പ്രവാചകന്മാ രുടെ കൂട്ടത്തിൽ ദാവീദ് ഒരു പ്രത്യേക പ്രവാച കനാണ്, ആ അർഥത്തിൽ സങ്കീർത്തനഗ്രന്ഥം

നടന്ന യുദ്ധങ്ങളും നടന്നു കൊണ്ടിരിക്കുന്ന ഏറ്റുമുട്ടലു കളും ഇനി നടന്നേക്കുവാൻ സാധ്യതയുള്ള യുദ്ധസന്നാ ഹങ്ങളുമെല്ലാം വെറും വെറു തെയാണ്. വ്യക്തമായ ലക്ഷ്യമോ തത്വദീക്ഷയോ സന്മാർഗബോധമോ ഇതി ന്റെയൊന്നും പിറകിലില്ല.

ഒരു പ്രത്യേക പ്രവചനവുമാണ്. ഇസ്ലാംമതം ദാവീദിന്റെ സങ്കീർത്തനഭാഗത്തെ ഒരു പ്രത്യേക വേദമായി പഠിപ്പിക്കുന്നു. വലിയ വ്യഖ്യാതാവായി രുന്ന സ്പർജൻ സങ്കീർത്തനത്തെ ദാവീദിന്റെ കലവറ അഥവാ കളപ്പുര എന്നാണ് വിശേഷിപ്പി ക്കുന്നത്. സങ്കീർത്തനം പൊതുവേ മശിഹായെ ക്കുറിച്ച് ഏറെക്കുറവായി പറയുന്നുണ്ടെങ്കിലും യെശയ്യാപ്രവചനത്തിൽ നമ്മുടെ കർത്താവിനെ തന്റെ ജനനത്തിനു മുമ്പുതന്നെ പ്രവചനാത്മാ വിൽ വരച്ചുകാണിച്ചു. യെശയ്യാപ്രവാചകനെ പ്പോലെ ദാവീദ് ചില സങ്കീർത്തനഭാഗങ്ങളിൽ വരുവാനുള്ള മശിഹായെ തന്റെ വരവിനുമുമ്പു തന്നെ പകൽപ്പോലെ വ്യക്തമായി ചിത്രീകരിച്ചി ട്ടുണ്ട്. അക്കൂട്ടത്തിൽ എടുത്തുപറയേണ്ട ഒരു സങ്കീർത്തനഭാഗമാണ് നമ്മുടെ ലേഖനത്തിന്റെ തലവാചകമായ രണ്ടാം സങ്കീർത്തനം.

ഈ സങ്കീർത്തനത്തിന്റെ തുടക്ക ത്തിൽത്തന്നെ ദാവീദ് എന്ന പ്രവാചകൻ സ്വയം ഒരു ചോദ്യം ഉയർത്തുന്നു. ജാതികൾ കലഹിക്കു ന്നതും വംശങ്ങൾ വ്യർഥമായത് നിരൂപിക്കു ന്നതും എന്ത? ഈ ചോദ്യം കേട്ടാൽ ഉത്തരം കിട്ടാതെ ചോദിച്ചിട്ടു പോകുന്ന ഒരു പ്രാവചക നാണ് ദാവീദ് എന്നു തോന്നും. ഒരിക്കലുമല്ല, പ്രവാചകന്റെ ചോദ്യത്തിന്റെ ഉത്തരമായി അവി ടെത്തന്നെ മറുപടിയുമുണ്ട്. ജാതികൾ കലഹിക്കു ന്നത് വ്യർഥമായിട്ടാണ്. എന്നുവെച്ചാൽ നടന്ന യുദ്ധങ്ങളും നടന്നുകൊണ്ടിരിക്കുന്ന ഏറ്റുമുട്ടലു കളും ഇനി നടന്നേക്കുവാൻ സാധ്യതയുള്ള യുദ്ധസന്നാഹങ്ങളുമെല്ലാം വെറും വെറുതെയാ ണ്. വ്യക്തമായ ലക്ഷ്യമോ തത്വദീക്ഷയോ സന്മാർഗബോധമോ ഇതിന്റെയൊന്നും പിറകിലി ല്ല. തമിഴ്നാട്ടിൽ ജീവിച്ചിരുന്ന പെരിയോർസ്വാമി (ഇ.വി.ആർ) വലിയൊരു ചിന്തകനായിരുന്നു. രാമായണ യുദ്ധത്തെയും മഹാഭാരത യുദ്ധ ത്തെയും അദ്ദേഹം ചുരുക്കം വാക്കുകളിൽ വില

യിരുത്തിയിട്ടുണ്ട്. ലക്ഷങ്ങൾ കൊല്ലപ്പെട്ട ഭാരത യുദ്ധം ഒരുപിടി മണ്ണിനുവേണ്ടി. അതുപോലെ പതിനായിരങ്ങൾ കൊല്ലപ്പെട്ട രാമായണയുദ്ധം ഒരു പെണ്ണിനുവേണ്ടി. എത്ര സത്യം. സരസ രസികനായ കുഞ്ചൻനമ്പ്യാർ അതു കുറച്ചുകൂടെ മധുരമാക്കി. 'കനകം മൂലം കാമിനിമൂലം കലഹം പലവിധം ഉലകിൽ സുലഭം'. ലോക ചരിത്രത്തിൽ കാണുന്ന സകല സംഘട്ടനങ്ങളുംവെറുതെ ഒരു പിടി ബഹളം മാത്രമാണ്. ദാവീദിനെ പ്രവാചകൻ എന്ന നിലയിൽ നാം തുടർന്ന് ദർശിച്ചാൽ വീണ്ടും ചില മർമങ്ങൾ പറയുന്നു. ജാതികൾ തമ്മിൽ കലഹിക്ക മാത്രമല്ല യഹോവയ്ക്കും അവന്റെ അഭിഷിക്തനും വിരോധമായി എഴുന്നേല്ക്കയും ചെയ്യുന്നു എന്നാണ് പ്രവാചകന്റെ ഭാഷ്യം. ചരിത്രം പഠിച്ചാൽ ലൂസിഫർ ദൈവത്തോടുള്ള മത്സരം ഭൂമിയിൽ കൈമാറിയത് നിമ്രോദ് എന്ന വീരനാണ്. ബാബിലോൺ സാമ്രാജ്യവും മതവും കൂട്ടിയിണക്കി ദൈവത്തിനും തന്റെ പുത്രനായ മശിഹായ്ക്കും വിരോധമായി ഒരു ബദൽ സാമ്രാജ്യം ഉണ്ടാക്കുകയാണ് സാത്താന്റെ പരിപാടി. പക്ഷെ അധികാരം ഏറ്റുവാങ്ങിയവരെല്ലാം ചത്തു പിരിഞ്ഞു. അവരുടെ കെട്ടുപണികളെല്ലാം തകർന്നു മണ്ണടിഞ്ഞു. എങ്കിലും മശിഹായെയും അവന്റെ നീതിയിൻ സാമ്രാജ്യത്തെയും ഇല്ലാതാക്കുവാൻ ഉള്ള പരിശ്രമം ഇന്നും ലോകജാതികളിൽ കൂടെയും മതങ്ങളിൽകൂടെയും സാധിച്ചെടുക്കുവാൻ സാത്താൻ ശ്രമം തുടരുകയാണ്. എന്നാൽ ദൈവാത്മാവു പറയുന്നത് യഹോവയ്ക്കും അവന്റെ അഭിഷിക്തനും വിരോധമായിട്ട് ചെയ്യുന്ന എല്ലാ കെട്ടുപണിയും ഒടുവിൽ വ്യർഥമായി ഭവിക്കും എന്നാണ്. ഈ പ്രവചനം ഇന്നത്തെലോകചരിത്രത്തോട് ഒത്തുനോക്കി പഠിപ്പാനുള്ള ബുദ്ധി ദൈവജനത്തിനുമാത്രമേയുള്ളൂ.

സങ്കീർത്തനം ചേർത്തു പഠിച്ചാൽ വീണ്ടും നമുക്കു കേൾക്കാം, യഹോവ തന്റെ പുത്രനോട് അരുളിച്ചെയ്യുന്നു 'നീ എന്റെപുത്രൻ ഞാൻ നിന്നെജനിപ്പിച്ചിരിക്കുന്നു' (വെളിപ്പെടുത്തിയിരിക്കുന്നു). പുത്രനെക്കുറിച്ച് യഹോവയ്ക്കു പറയുവാനുള്ളത് ഭൂമിയിലെ രാജാക്കന്മാരെ നിങ്ങൾ ഈ പാഴ്വേല നിർത്തി ബുദ്ധി പഠിപ്പിൻ എന്നാണ്. ദൈവപുത്രനായ മശിഹായെ കേന്ദ്രമാക്കിയുള്ള സുവിശേഷത്തിന് കീഴ്പെടുന്നതാണ് യഥാർഥ ബുദ്ധി. അവനോടു വിഘടിക്കുന്നതാണ് ഏറ്റവും വലിയ ബുദ്ധികേട്. എത്ര വലിയ മർമം.

മശിഹായെയും അവന്റെ നീതിയിൻ സാമ്രാജ്യത്തെയും ഇല്ലാതാക്കുവാൻ ഉള്ള പരിശ്രമം ഇന്നും ലോകജാതികളിൽ കൂടെയും മതങ്ങളിൽകൂടെയും സാധിച്ചെടുക്കുവാൻ സാത്താൻ ശ്രമം തുടരുകയാണ്

നമുക്ക് ഈ പ്രവചനഭാഷ്യത്തിന്റെ അന്ത്യം കൂടെ നോക്കാം. അവൻ കോപിച്ചിട്ട് വഴിയിൽ വെച്ചു നശിച്ചുപോകാതിരിപ്പാൻ നിങ്ങൾപുത്രനെ ചുംബിപ്പീൻ. ഇവിടെ പറയുന്നത് പുത്രനോടുള്ള ബന്ധത്തിൽ പിതാവിനെക്കുറിച്ച്. പിതാവിന്റെ കോപം ഭയങ്കരമാണ്. അവന്റെ പുത്രനെ എതിർക്കുന്നവരെ പിതാവു ഭയങ്കരമായി കൈകാര്യം ചെയ്യും. മറിച്ചു പറഞ്ഞാൽ യഹോവയെ പ്രസാദിപ്പിക്കുവാൻ ആഗ്രഹം ഉണ്ടെങ്കിൽ അതിനുള്ള ഏക മാർഗം അവന്റെ പുത്രനെ കൈക്കൊള്ളുക എന്നുള്ളതാണ്. വിശുദ്ധന്മാരെ കൈക്കൊള്ളുകയല്ല, മാലാഖമാരെ കൈക്കൊള്ളുകയല്ല, മറിച്ച് ദൈവത്തിന്റെ പുത്രനെ കൈക്കൊള്ളുകയാണ്. ഇതാണ് സുവിശേഷ മർമം.

ഒരു വാക്യം കൂടെ. പിതാവിനെ പ്രസാദിപ്പിക്കുവാൻ ഞങ്ങൾ എന്തു പ്രവർത്തിയാണ് ചെയ്യേണ്ടത് എന്ന് കർത്താവിന്റെ ശ്രോതാക്കൾ ചോദിച്ചപ്പോൾ യേശുവിന്റെ മറുപടി ഇങ്ങനെയായിരുന്നു: ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ള ഏക പ്രവർത്തി താൻ അയച്ചവനെ കൈക്കൊള്ളുക എന്നുള്ളതാണ്. എത്ര ഗംഭീരമായ ഒരു സത്യം. ഈ യുഗം തീരാൻ പോകുന്നു. സുവിശേഷം എരിഞ്ഞടങ്ങാൻപോകുന്നു. രക്ഷപ്പെടാൻ ഒറ്റ മാർഗമേയുള്ളൂ. മാനുഷീക കെട്ടുപണികളായ മതങ്ങളും ക്രമങ്ങളും കൂട്ടുചേർന്നിട്ടുള്ള സംഘടനകളും ഒക്കെ വിട്ടൊഴിഞ്ഞ് മശിഹായുടെ ഏകമാർഗമായ സത്യ സുവിശേഷം മാത്രം അംഗീകരിച്ച് വിശ്വാസത്തിലും ഉപദേശത്തിലും ക്രിസ്തുവിന് അനുരൂപരായി നിലനിന്ന് നമുക്കു കാത്തിരിക്കാം. വഴിയിൽ വെച്ചു നശിക്കാതിരിക്കാൻ നമുക്കു ദൈവപുത്രനെ ചുംബനം ചെയ്യാം. ദൈവത്തെ ശരണം പ്രാപിപ്പാൻ ഏതു മനുഷ്യനും ഭാഗ്യം ഉണ്ടാകട്ടെ എന്നു പ്രാർഥിച്ചുകൊണ്ട് നമുക്കു നമ്മെത്തന്നെ സമർപ്പണം ചെയ്യാം. ഈ സങ്കീർത്തനപഠനവും നമുക്കു നിത്യതയ്ക്കു വേണ്ടി ഒരു കാൽച്ചുവടായി ഭവിക്കട്ടെ.



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

മതിലിനു പിറകിലോ നിൽക്കുന്നത്?

ദൈവത്തിനും നമുക്കും ഇടയിൽ ഒരു അകലം എന്നത് നമ്മുടെ സങ്കല്പം മാത്രമാണ്. ആ തോന്നൽ പോലും മാറണം. കർത്താവിന്റെ മടങ്ങിവരവു ആസന്നമായിരിക്കുന്ന ഇത്തരുണത്തിൽ, കർത്താവു തന്നെ അതു തുടച്ചു മാറ്റും. കർത്താവിന്റെ വാഗ്ദത്തം എന്താണെന്നു നോക്കുക. "ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്ന്, നിങ്ങൾ അന്ന് അറിയും" (യോഹന്നാൻ 14:20). കർത്താവു തുടർന്നു പറഞ്ഞല്ലോ അവിടുന്നു മുന്തിരിവള്ളിയും നമ്മൾ കൊമ്പുകളും ആകുന്നുവെന്ന്. ക്രിസ്തു തലയും നാം ശരീരവും ആകുന്നു, ക്രിസ്തു ദൈവവും നാം അവന്റെ മന്ദിരവും ആകുന്നു. തിരുവചനം തുടക്കം മുതൽ ഒടുക്കം വരെ വെളിപ്പെടുത്തുന്ന ഒരു കാര്യമാണ് ദൈവം സ്വർഗത്തിൽ വസിക്കുമ്പോൾ തന്നെ രക്ഷിക്കുന്ന കർത്താവായി അവിടുന്നു തന്റെ ജനത്തോടുകൂടെയുണ്ട് എന്നുള്ളത്. **കർത്താവിന്റെ പ്രവർത്തനത്തിന്റെ കേന്ദ്രവിഷയംതന്നെ നമ്മെ തന്നോടുള്ള ഐക്യതയിലേക്കു നയിക്കുകഎന്നുള്ളതാണ്.**

അങ്ങനെതന്നെ, പരിശുദ്ധാത്മാവ് ഏതുപ്രകാരത്തിൽ നമ്മിൽ ക്രിയചെയ്യുന്നുവോ, അതു കൃപാവരങ്ങളാലോ, ആത്മശക്തിയാലോ ഏതുവിധത്തിലായാലും നമ്മെ യേശുവിന്റെ മുമ്പിലേക്കു നയിക്കുക എന്നതാണ് അതിന്റെ പിന്നിലെ ഏക ഉദ്ദേശ്യം. നാമും കർത്താവായ യേശുക്രിസ്തുവും തമ്മിലുള്ള സൗഹൃദം ഉലയാതിരിക്കുവാൻ നമ്മെ ചേർത്തുനിർത്തുന്ന പ്രവർത്തിയിൽ ബദ്ധശ്രദ്ധമാണ് പരിശുദ്ധാത്മാവ്. സൗഹൃദം എന്നുവെച്ചാൽ അന്യോന്യം നന്നായി അറിയുന്ന ബന്ധമാണ്. ദൈവവചനത്തിലൂടെയാണ് നാം കർത്താവിനെ നന്നായി അറിയുന്നത്, ആ ഹൃദയസ്പന്ദനം കാതുകളിൽ മുഴങ്ങുമാറാക്കുന്നത്. ആടുകൾ ഇടയന്റെ ശബ്ദം തിരിച്ചറിയുന്നതുപോലെ നമ്മുടെ ഹൃദയത്തിന് ആശ്വാസവും കുളിർമയും നല്കുന്ന ദൈവശബ്ദം നാം അന്തരാത്മാവിൽ കേൾക്കണം (യോഹന്നാൻ 10.27).

കർത്താവിന്റെ പഠിപ്പിക്കലുകളെ അറിയുവാൻ മാത്രമല്ല നമുക്കു പദവി ലഭിച്ചിരിക്കുന്നത്, അവൻ നമ്മെ ഉപദേശിക്കുമ്പോൾ ആ സംസാരത്തിന്റെ വശ്യത മനസ്സിലാക്കാൻ കൂടി കഴിയത്തക്ക അളവിൽ ആഴമുള്ള സൗഹൃദമാണ് നമുക്കു കർത്താവുമായി ഉള്ളത്. അവന്റെ അതിശ്രേഷ്ഠമായ വചനം ശ്രദ്ധിക്കുക: "ഞാൻ നല്ല ഇടയൻ, പിതാവെന്നെ അറിയുകയും ഞാൻ പിതാവിനെ അറികയും ചെയ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറിയുകയും എനിക്കുള്ളവ എന്നെ അറികയും ചെയ്യുന്നു (യോഹന്നാൻ 10.14).

യേശു പറയുന്നു, എനിക്കുള്ളവയെ ഞാനും, അവ എന്നെയും അറിയുന്നു. എത്ര ഹൃദ്യമായ ബന്ധം? ക്രിസ്തുവും നമ്മുടെ ഹൃദയവുമായുള്ള അടുപ്പം ക്രിസ്തുവും പിതാവും തമ്മിലുള്ള അതേ അളവിലുള്ളതാണ്. അവൻ വിശദീകരിക്കുന്നു, എന്റെ പിതാവ് എന്നെ അറിയുന്നതുപോലെ ഞാൻ നിങ്ങളെയും അറിയുന്നു.

എന്നാൽ ക്രിസ്തുവുമായി നമുക്കുള്ള അകലം ഇപ്പോഴും നിലനില്ക്കുന്നു എന്നതല്ലേ വാസ്തവം. നിങ്ങളുടെ പ്രാർഥനയിൽ നിങ്ങൾ പറഞ്ഞിട്ടുണ്ടാവും 'ദൈവമേ ലോകാവസാന

ത്തോളം അങ്ങു ഞങ്ങളോടു കൂടെ ഉണ്ട് എന്നാണല്ലോ പറഞ്ഞിട്ടുള്ളത് എന്നാൽ എനിക്ക് ഏകാന്തത അനുഭവപ്പെടുന്നു, എനിക്ക് അങ്ങയുടെ സാന്നിധ്യം അനുഭവിക്കാൻ കഴിയുന്നില്ല' എന്നൊക്കെ. ക്രിസ്തു നമ്മുടെ ഉള്ളിലില്ലെങ്കിൽ തന്റെ സാന്നിധ്യത്തിന്റെ സജീവമായ ജ്വാലകൾ എങ്ങനെ നമുക്കനുഭവിക്കാൻ കഴിയും?

ശലോമോന്റെ ഉത്തമഗീതത്തിൽ പ്രിയന്റെ സാന്നിധ്യത്തിന്റെ സ്വകാര്യതയിലേക്കുള്ള ക്ഷണത്തിനു നല്കുന്ന മനോഹരമായ പ്രതികരണം രേഖപ്പെടുത്തിയിരിക്കുന്നു. ''അതാ എന്റെ പ്രിയന്റെ സ്വരം ... എന്റെ പ്രിയൻ ചെറുമാനിനും കലക്കുട്ടിക്കും സമൻ'' (ഉത്തമഗീതം 2.8). തുടർന്നു വായിക്കുമ്പോൾ ആദ്യം മലകളിലും കുന്നുകളിലും കണ്ട പ്രിയനെ പിന്നീട് ഒരു മതിലിനപ്പുറത്തും അതുംകഴിഞ്ഞ് കിളിവാതിലിനരികിലും കാണുന്നു. നമ്മുടെ പ്രാണപ്രിയനുമായുള്ള അകലം കുറച്ചു കുറച്ചുകൊണ്ടുവരുന്നതിൽ നാം വിജയിക്കണം. **നമുക്കും നമ്മുടെ രക്ഷകനും ഇടയിലുള്ള മതിലേതാണ്? നവീകരിക്കപ്പെടാത്ത മനസ്സും കഠിനമായ ഹൃദയവുമാണത്.** ഭയത്തിന്റെയും ജഡമോഹങ്ങളുടെയും തടസ്സങ്ങൾ സൃഷ്ടിച്ച് നാം അവയിൽ തടഞ്ഞ് അകന്നു നിൽക്കുന്നു. പാപത്തിന്റെയും ലൗകിക ബന്ധങ്ങളുടെയും തടവറയിൽ കഴിയുകയാണു നാം. മനസ്സുവെച്ചാൽ നമുക്കു തകർത്തു മുന്നേറാവുന്നതേയുള്ളൂ ഈ തടസ്സങ്ങളെ. നാം എത്രത്തോളം ഇക്കാര്യത്തിൽ വിജയിക്കുന്നുവോ, അത്രത്തോളം കർത്താവിനോടുള്ള ഐക്യതയിൽ നാം മുന്നേറുകയായിരിക്കും ഫലം. അങ്ങനെ ശരിയായ ആത്മിക മുന്നേറ്റം നമുക്ക് അനുഭവമാകും.

മതിലുകൾ നീങ്ങിപ്പോകണം

ഈ മതിലുകളെ നീക്കുന്ന കാര്യത്തിൽ ഇപ്പോഴും നാം ശ്രദ്ധാലുക്കളാകേണ്ടതുണ്ട്, എങ്ങനെയാണത്? നിങ്ങൾ ഒരു മുറിയിൽ വായനയിൽ മുഴുകിയിരിക്കുമ്പോൾ കർത്താവ് ശാന്തമായി അടുത്ത മുറിയിൽ എത്തുന്നു എന്നു സങ്കല്പിച്ചു നോക്കൂ. നിങ്ങൾ നോക്കുമ്പോൾ ആ മുറിയിൽ പ്രകാശം പരക്കുന്നു, അതു സജീവവും ചൈതന്യവത്തുമാകുന്നു. ആ ദിവ്യസാന്നിധ്യം മനസ്സിലാക്കാൻ കഴിഞ്ഞ നിങ്ങളുടെ ഉള്ളിലും ഒരു ചൈതന്യവും പ്രസരിപ്പും വ്യാപരിക്കുന്നു എന്നിരിക്കട്ടെ. ഹൃദയത്തിൽ അടിഞ്ഞുകൂടിയിരുന്ന ഇരുട്ടെല്ലാം പുറത്തുപോയി അവിടെ വെളിച്ചം പ്രസരിക്കുന്നു, നിങ്ങളുടെ ഉള്ളം പിടച്ചു വികസിക്കുന്നു. അത്രയും ശരി, ഇനി ഒന്നാമതു ഞാൻ ചോദിക്കട്ടെ, യേശുവാണ് അടുത്ത മുറിയിലെത്തിയതെന്നു തിരിച്ചറിഞ്ഞ നിങ്ങൾ അവിടേയ്ക്കു തിടുക്കത്തിൽ പ്രവേശിക്കുമോ? അങ്ങോട്ടടുത്തു ചെല്ലാൻ നിങ്ങൾക്കു പറ്റുന്നില്ലെങ്കിൽ അതിന്റെ കാരണമെന്തായിരിക്കും? നിങ്ങൾ വിശ്വാസജീവിതത്തിൽ പരാജയപ്പെട്ടുപോയ കാര്യങ്ങളുടെ ഓർമ്മയാണു നിങ്ങളെ തടയുന്നതെങ്കിൽ അതിനെ, ആ മതിലിനെ 'ലജ്ജ' എന്നു വിളിക്കാം. അടുത്തുചെല്ലാനുള്ള ധൈര്യക്കുറവോ പ്രാഗൽഭ്യമില്ലായ്മയോ ആണെങ്കിൽ ആ തടസ്സത്തെ 'ഭയം' എന്നു വിളിക്കാം. അനുതപിച്ച് ഏറ്റുപറഞ്ഞിട്ടില്ലാത്ത പാപങ്ങളാണു നിങ്ങളെ പുറകോട്ടു പിടിക്കുന്നതെങ്കിൽ 'ഹൃദയകാഠിന്യം' ആണു ഈ അകൽച്ചയുടെ പിന്നിലെ പ്രശ്നം. ''ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും'' (മത്തായി 5.8). **നമ്മുടെ തെറ്റായ നിലപാടുകളെക്കുറിച്ചും പാപങ്ങളെക്കുറിച്ചും അനുതപിക്കുന്നുവെങ്കിൽ ലജ്ജയും, ഭയവും, ഹൃദയകാഠിന്യവും എല്ലാം നീങ്ങിപ്പോയി സ്തുതിയെന്ന മേലാട ധരിച്ച് രക്ഷയുടെ ഉല്ലാസഘോഷം ദൈവസന്നിധിയിൽ മുഴക്കും.** അങ്ങനെ നാമും കർത്താവും തമ്മിലുള്ള അകൽച്ചയുടെ മതിലിടിയും.

ഇനി രണ്ടാമത്തെ ചോദ്യം. നിങ്ങൾ എങ്ങനെയായിരിക്കും കർത്താവിന്റെ അടുത്തേക്കു പ്രവേശിക്കുക? എന്റെ അഭിപ്രായത്തിൽ തപ്പെടുത്തും നൃത്തംചെയ്തും ഒന്നുമായിരിക്കില്ല നാം ആ സാന്നിധ്യത്തിലേക്കു കയറിച്ചെല്ലുക. അപ്പോസ്തല പിതാക്കന്മാർ പോലും യേശു ഉയിർത്തെഴുന്നേറ്റ് സ്വർഗാരോഹണം ചെയ്ത ശേഷം അവിടത്തെ കണ്ടപ്പോൾ നിലത്തുവീഴുകയാണുണ്ടായത്. എന്നാലും അതേ സാധ്യമാവൂ, വളരെ വിറയലോടെയും സൂക്ഷ്മതയോടുമേ അങ്ങോട്ടടുക്കൂ. കർത്താവുമായുള്ള അകലം പാലിക്കുന്ന നമ്മുടെ പ്രകൃതം ഇല്ലാതാക്കാൻ എന്താണു ചെയ്യേണ്ടത്? നമ്മുടെ പാപത്തെക്കുറിച്ചു നാം അനുതപിച്ചതുപോലെ ആ തേജസ്സിന്റെ മുഖത്തേക്കു നോക്കുവാൻ ശീലിക്കുക, ആ പ്രാഗത്ഭ്യം നേടിയെടുക്കുക. നടുക്കവും അനുസരണവും ഉള്ളവരായി അഗ്നിമയമായ ആ സാന്നിധ്യത്തിലേക്കു ആത്മാവിൽ നാം കടന്നുചെല്ലുക. അടുത്ത മുറിയുടെ അകലത്തിലല്ല കർത്താവ് ഒരു മതിലിനപ്പുറത്തുണ്ട്. ഇപ്പോഴും കർത്താവിനെ അകറ്റി നിർത്തുവാനാണോ ഇഷ്ടം? ●



അനു ഗ്രേസ് ചാക്കോ

ആർക്കും പ്രിയമല്ലാത്ത വാർധക്യം

ഇന്നത്തെ ഇളംതലമുറയ്ക്ക് വൃദ്ധജനങ്ങൾ ഒരു ബാധ്യതയായി തോന്നി തുടങ്ങിയിട്ടുണ്ടോ?. അതുപോലെ വാർധക്യകാല ജീവിതം നയിക്കുന്നവർക്ക് തങ്ങൾ മറ്റുള്ളവർക്ക് ഒരു ഭാരമാണെന്നും തോന്നിത്തുടങ്ങിയിട്ടില്ലേ?

ഒരിക്കൽ ഒരു വൃദ്ധൻ ഒരു തോട്ടത്തിന്റെ പുറംകയ്യാല വയ്ക്കുകയായിരുന്നു. നല്ല വലിപ്പമുള്ള കല്ലുകൾ ആണിക്കിട്ടു ഉറപ്പുള്ള ആ കയ്യാല കെട്ടുന്നത് നോക്കി നിന്ന ഒരു കുട്ടി വൃദ്ധനായ പണിക്കാരനോട് ചോദിച്ചു: വലിയ കല്ലുകൾക്ക് ഇടയിൽ എന്തിനാണ് ചീളുകല്ലുകൾ തിരുകുന്നത്?

വൃദ്ധന്റ മറുപടി ശ്രദ്ധേയമായിരുന്നു.: മനുഷ്യരെപ്പോലെ ആണ് ഈ കല്ലുകളും .വലിയ കല്ലുകൾ യഥാസ്ഥാനങ്ങളിൽ ഉറച്ചിരിക്കണം എങ്കിൽ എന്നെപോലെ ഉള്ള ചീളുകല്ലുകൾ ആവശ്യമാണ്. ഈ ചീളുകൾ വെച്ചു ഉറപ്പിച്ചില്ല എങ്കിൽ വലിയ കല്ലുകൾ ഇളകി കയ്യാല ഇടിഞ്ഞുപോകാൻ സാധ്യത ഉണ്ട്. എത്ര വലിയ സന്ദേശം ആണ് കഥയിലെ വൃദ്ധൻ നമുക്ക് നൽകിത്തരുന്നത്... കാഴ്ചയിൽ വലിയ ഭംഗിയും വലിപ്പവും ഒന്നുമില്ല എങ്കിലും ചീളുകല്ലുകൾ പോലെ നമ്മുടെ സമൂഹത്തിന്റെ, കുടുംബത്തിന്റെ നിലനിൽപ്പിനു അത്യന്താപേക്ഷിതമാണ് പ്രായമുള്ള നമ്മുടെ മാതാപിതാക്കളും.

ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കും ദൈവം നിയമിച്ചിരിക്കുന്ന ഒരു കാലഘട്ടം ആണ് വാർധക്യം. മനുഷ്യൻ മാത്രം അല്ല പക്ഷികളും മൃഗങ്ങളും വൃക്ഷലതാദികളും എല്ലാം വാർധക്യം എന്ന സമസ്യയിലൂടെ കടന്നുപോകേണ്ടതുണ്ട്. പക്ഷെ മനുഷ്യൻ ഒഴികെ മറ്റാരു ജീവജാലങ്ങളും വാർധക്യത്തെ ഭയപ്പെടുന്നില്ല എന്നതാണ് വാസ്തവം.

മനുഷ്യൻ ഇന്ന് ഏറ്റവും അധികം ഭയക്കുന്ന ഒന്നാണ് വാർധക്യം. യഥാർത്ഥത്തിൽ എപ്പോഴാണ് ഒരു വ്യക്തി വർധക്യത്തിൽ എത്തുന്നത്? തലക്ക് ചുളിയുമ്പോഴോ ജരാനരകൾ ബാധിക്കുമ്പോഴോ ആണെന്ന് കരുതിയാൽ തെറ്റി. ഒരാളുടെ മനസ്സ് ദുർബലമാകുമ്പോൾ ആണ് അയാൾ വാർധക്യത്തിൽ പ്രവേശിക്കുന്നത്. പലർക്കും പ്രിയമില്ലാത്ത പ്രായമായി വാർധക്യം മാറുന്നു. ലോകപ്രശസ്ത സാഹിത്യകാരനായ ഷേക്സ്പിയർ വാർധക്യത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: യൗവ്വനമേ നിന്നെ ഞാൻ ആരാധിക്കുന്നു. വാർധക്യമേ നിന്നെ ഞാൻ വെറുക്കുന്നു.

പലർക്കും വാർധക്യം ഇന്ന് അപ്രിയമായി മാറുന്നതിന് കാരണങ്ങൾ പലതാണ്. ഒരു കാലത്ത് കേരളത്തിലെ സാമാന്യജനത അവരുടെ പൂജാമുറിയിലെ

വിഗ്രഹങ്ങളെ കഴിഞ്ഞും വൃദ്ധരെ ബഹുമാനിച്ചിരുന്നു. വീട്ടിലെ പ്രായമായ മാതാപിതാക്കളോട് ഭയ ബഹുമാനങ്ങളോടെ മാത്രമേ കുടുംബത്തിലുള്ളവർ പെരുമാറിയിരുന്നുള്ളു. മുത്തശ്ശന്റെയും മുത്തശ്ശിയുടെയും മടിത്തട്ടിൽ അവരുടെ ലാളനകളേറ്റാണ് ഓരോ കുട്ടിയും വളർന്നുവന്നത്. എന്നാൽ സുഖ സൗകര്യങ്ങൾ വർധിച്ചതോടെ മാതാപിതാക്കളോടുള്ള സമീപനത്തിനും മാറ്റങ്ങൾ സംഭവിച്ചു. പ്രായമുള്ളവരെ കാണുമ്പോൾ എഴുന്നേറ്റുനിന്ന് ബഹുമാനിച്ച തലമുറ ഇന്ന് അവരെ കാണുന്നതുതന്നെ അവജ്ഞയോടെയാണ്. നേരെ നിന്ന് സംസാരിക്കുവാൻ ശങ്കിച്ചിരുന്ന മക്കളും കൊച്ചുമക്കളുമെല്ലാം ഇന്ന് അവരുടെ നേരെ മുഷ്ടിചുരുട്ടി ആക്രോശിക്കുമ്പോൾ നമ്മുടെ സമൂഹം എത്രമാത്രം അധഃപതിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുക. പലരും മാതാപിതാക്കളെ വിളിക്കുന്ന ഭാഷകൾ കേട്ടാൽ ഇവർ ഇത്രയ്ക്കും സംസ്ക്കാര ശൂന്യരാണോ എന്ന് ചിന്തിച്ചു പോകും. പല മാതാപിതാക്കളെയും മക്കൾ വിളിക്കുന്നത് തള്ള , പിശാച്, കിളവൻ എന്നൊക്കെയാണ്. ഇതൊക്കെ കാണുമ്പോൾ സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയം എന്ന് വിളിച്ചത് ശരി ആണെന്ന് തോന്നിപ്പോകും.

ആവശ്യത്തിലധികം ബാങ്ക് ബാലൻസും, മണിമാളികകളും, സമൂഹത്തിൽ നല്ല പദവികളും ഒക്കെ ലഭിക്കുമ്പോൾ പല മക്കൾക്കും അവരുടെ മാതാപിതാക്കൾ ഒരു ബാധ്യതയായി തോന്നിത്തുടങ്ങുന്നു. സ്വന്തം മാതാപിതാക്കളുടെ കഷ്ടപ്പാടിന്റെയും കണ്ണുനീരിന്റെയും ഫലമാണ് താനിന്ന് അനുഭവിക്കുന്ന നന്മക്കളെന്നു പല മക്കളും മറന്നു പോവുകയാണ്. പല വീടുകളുടെയും സ്വീകരണമുറികളിൽ ഇന്ന് പ്രായമായവർക്ക് പ്രവേശനം ഇല്ല. അതിഥികൾ വരുമ്പോൾ പ്രായമായ മാതാപിതാക്കളുടെ രീതികളും പെരുമാറ്റങ്ങളും തങ്ങളുടെ സ്റ്റാറ്റസിനു ചേർന്നതല്ല എന്നതാണ് അവരുടെ ന്യായം. അവരുടെ ഗന്ധം പോലും വീടുകളെ അശുദ്ധമാക്കുന്നു എന്നു പറയുന്ന മക്കളും കുറവല്ല.

ഒരു കാലത്ത് ഉമ്മറത്ത് പുഞ്ചിരി തൂകി നിൽക്കുന്ന മുത്തശ്ശന്മാരും മുത്തശ്ശിമാരും ആ വീടിന്റെ ഐശ്വര്യം ആയിരുന്നു. എന്നാൽ ഇന്നാവട്ടെ ഈ കിളവനെ കണി കണ്ടതുകൊണ്ട് ഇന്നത്തെ ദിവസം പോയി എന്നു പറയുന്നവരും ഇല്ലേ?

സ്വന്തം മാതാപിതാക്കളുടെ മുഖം കണ്ടുണരുന്നത് ഒരനുഗ്രഹം തന്നെ, അതിനെ ശാപമായി കാണുന്ന ആധുനിക മക്കളുടെ കാഴ്ചപ്പാടുകൾ എത്രമാത്രം വികലമാണ്. പല വീടുകളിലും മാതാപിതാക്കളോടു സംസാരിക്കുവാനോ വീട്ടിലെ കൊച്ചു കുഞ്ഞുങ്ങളേപ്പോലും അവരുടെ അടുക്കലേക്കു വിടുവാനോ പലരും തയ്യാറല്ല.

തിരക്കുകൾ നിറഞ്ഞ ആധുനിക ലോകത്ത് പ്രായമുള്ളവർ ഒരു ബാധ്യതയായി മാറുന്നു .നാടിനും വീടിനും ബാധ്യതയായ മാതാപിതാക്കളെ ലക്ഷങ്ങൾ മുടക്കി സുരക്ഷിത സങ്കേതങ്ങളായ അനാഥാലയങ്ങളിലാക്കി ശല്യം ഒഴിഞ്ഞ സന്തോഷത്തോടെ വീട്ടിലേക്കു മടങ്ങുന്ന മക്കളുടെ എണ്ണം ധാരാളം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അനാഥാലയങ്ങൾ ഉള്ളത് കേരളത്തിലാണ് .സാമൂഹ്യനീതി വകുപ്പിന്റെ കണക്കനുസരിച്ചു കേരളത്തിൽ ഇപ്പോൾ 565 വൃദ്ധസദനങ്ങളിലായി 10,500 അനാഥരുണ്ട്. മുമ്പ് നാടും വീടും ആരും ഇല്ലാത്തവരാണ് അനാഥാലയങ്ങളിൽ അഭയം തേടിയിരുന്നത്. എന്നാൽ ഇന്ന് മക്കളും കൂടെപ്പിറപ്പുകളും എല്ലാവരുമുള്ള സനാഥരാണ് അനാഥാലയങ്ങളിൽ ചേക്കേറുന്നവരിൽ ഏറെയും. ഒരു നായ്ക്കുഞ്ഞിനെ തെരുവിലേക്കു വലിച്ചെറിയുന്ന ലാഘവത്തോടെ പല മക്കളും മരുമക്കളും ചേർന്ന്, ജനിപ്പിച്ചു വളർത്തിയ മാതാപിതാക്കളെ തെരുവിലേക്കു തള്ളിവിടുന്നത് എത്രയോ കഷ്ടം. അടുത്ത നാളിൽ കേരളത്തിൽ അറിയപ്പെടുന്ന അനാഥാലയം നടത്തുന്ന ഒരാൾ തെരുവിൽ നിന്നും അർധപ്രാണനായി കണ്ടെടുത്ത ഒരു വൃദ്ധനെ വൃത്തിയാക്കിയപ്പോൾ മലദ്വാരത്തിൽ നിന്നു മീറ്ററുകൾ നീളമുള്ള തുണിക്കഷണം കണ്ടെത്തുകയുണ്ടായി. സ്വന്തം പിതാവ് മലമൂത്ര വിസർജനം നടത്താതിരിക്കുവാൻ മക്കൾ കണ്ടെത്തിയ മാർഗം ആയിരുന്നു അത്. സാക്ഷരകേരളം ലജ്ജിച്ചു തലതാഴ്ത്തേണ്ട നാണം കെട്ട സംഭവം?

സ്വർഗതുല്യമായിരുന്ന പല ഭവനങ്ങളും നരകതുല്യമായി മാറിയതിന്റെ പല കാരണങ്ങളിൽ ഒന്ന് മരുമക്കളുടെ വരവാണ്. ഭർത്താവിന്റെ മാതാപിതാക്കന്മാരെ സ്വന്തം പിതാവും മാതാവും ആയി അംഗീകരിപ്പാൻ പല പെൺകുട്ടികൾക്കും കഴിയുന്നില്ല. പല ആൺമക്കൾക്കും മാതാപിതാക്കളെ സംരക്ഷിക്കുവാൻ ആഗ്രഹം ഉണ്ടെങ്കിലും വിവാഹാനന്തരം ഭാര്യയുടെ ഇഷ്ടക്കേടും, താൽപ്പര്യമില്ലായ്മയും നിമിത്തം അനാഥാലയങ്ങളിൽ ഉപേക്ഷിക്കുവാൻ നിർബന്ധിതരാകുന്നു. പെൺകുട്ടികളെ വളർത്തുന്ന അമ്മമാർ ഈ കാര്യത്തിൽ കൂടുതൽ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി

യിരുന്നെങ്കിൽ അനാഥരാകുന്ന പ്രായമുള്ളവരുടെ എണ്ണം തീർച്ചയായും കുറയുമായിരുന്നു.

കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്നും അണുകുടുംബ വ്യവസ്ഥയിലേക്കു ചേക്കേറിയതും അനാഥാലയങ്ങൾ പെരുകുന്നതിനു കാരണമായി. നാം എത്ര തിരക്കുള്ളവരാണ് എങ്കിലും നമ്മെ പ്രതീക്ഷിച്ചു കാത്തിരിക്കുന്ന മാതാപിതാക്കൾ ഉണ്ട്. അവരോട് സംസാരിക്കുന്നതും സമയം പങ്കിടുന്നതും ഒരിക്കലും നഷ്ടമല്ല. അനാഥലയങ്ങളിൽ ഏൽപ്പിച്ചു നിങ്ങൾ മടങ്ങുമ്പോഴും നിങ്ങൾക്കുവേണ്ടി മനമുരുകി പ്രാർഥിക്കുന്നവരാണ് അവർ. ഒരു വൃക്ഷത്തിന്റെ യഥാർത്ഥ വലിപ്പം മനസിലാകുന്നത് അത് വെട്ടിമാറ്റുമ്പോഴാണ്. വടവൃക്ഷങ്ങളാണ് ഓരോ മാതാപിതാക്കന്മാരും. വൃക്ഷത്തിന്റെ ആയുസ്സ് കൂടുന്തോറും അതിന്റെ മൂല്യം വർധിക്കുന്നു, കാതൽ ഉള്ളതായിത്തീരുന്നു. ഇതുപോലെതന്നെയാണ് പ്രായമായവരെ നാം കാണേണ്ടത്. പ്രായമായതുകൊണ്ട് വില കുറഞ്ഞ പാഴ്വസ്തുവായി കാണാതെ മൂല്യമുള്ള നിധിയായി അവരെ കാത്തുസൂക്ഷിക്കാം. വിതയ്ക്കുന്നതേ കൊയ്യു.നമ്മുടെ മാതാപിതാക്കളെ നാം എങ്ങനെ ശുശ്രൂഷിക്കുന്നുവോ അതേ രീതിയിൽ തന്നെയാകും പ്രായമാകുമ്പോൾ സ്വന്തം മക്കൾ നമ്മെ ശുശ്രൂഷിക്കുന്നത്. സ്വന്തം മാതാപിതാക്കളെ തിരസ്ക്കരിക്കുന്നവർ സ്വന്തം മക്കളാൽ തിരസ്ക്കരിക്കപ്പെടും എന്നത് സ്വഭാവികം.

വാർധക്യത്തെക്കുറിച്ചു പല കാഴ്ചപ്പാടുകളാണ് മനുഷ്യർക്ക്. പ്രായമാകുന്നതോടെ എല്ലാ കാര്യങ്ങളിൽ നിന്നും സ്വയം പിൻവാങ്ങുന്നവരാണ് ഒരു കൂട്ടർ. ഒന്നും ചെയ്യാതെ മരണത്തിന്റെ കാലൊച്ചയും പ്രതീക്ഷിച്ചു കഴിയുകയാണവർ. കുഴിയിലേക്കു കാലുംനീട്ടി ഇരിക്കുന്നവർ എന്നാണ് മറ്റുള്ളവർക്കും ഇവരെക്കുറിച്ചു പറയാനുള്ളത്. എന്നാൽ ഇതൊട്ടും ശരിയല്ല. കാരണം മൈക്കലാഞ്ചലോ 89-ാംവയസ്സിലും വരയ്ക്കുമായിരുന്നു, ഏറ്റവും നന്നായിട്ട്. നല്ല വാർധക്യത്തിലും കർമ്മനിരതരാകുന്ന രാഷ്ട്രീയ നേതാക്കന്മാരും ശാസ്ത്രജ്ഞന്മാരും, സാഹിത്യകാരന്മാരും, സുവിശേഷ പ്രഭാഷകരും എത്രയോ അധികം. ജോൺ വെസ്ളി 88 വയസ്സുള്ളപ്പോഴും എല്ലാ ദിവസവും പ്രസംഗിച്ചിരുന്നു.

വാർധക്യം ഇഛാശക്തിയും ദൈവ വിശ്വാസവും ഉള്ളവർക്ക് ഒരിക്കലും ഒരു ദുരന്തമല്ല. മറിച്ച് ഒരായുസുകൊണ്ട് ആർജ്ജിച്ചെടുത്ത അറിവുകളും അനുഭവങ്ങളും വരുംതലമുറയ്ക്കു പക

പ്രായമുള്ളവരുടെ ആവശ്യം പണമോ, സുഖമോ, ഭക്ഷണമോ ആണോ? അല്ല. അംഗീകരിക്കപ്പെടണം, ആദരിക്കപ്പെടണം, സ്നേഹിക്കപ്പെടണം ഇത്രയൊക്കെയേ ഉള്ളൂ. ഇതു കൊടുത്താൽ ചങ്കും കൂടെ വേണമെങ്കിൽ അവർ പറിച്ചു തരും.

ർന്നു നൽകുന്ന, തണൽവൃക്ഷങ്ങളെപ്പോലെ പടർന്നു നിൽക്കുന്നവരാണവർ. കിഴവനും കടലും എന്ന നോവലിൽ സാന്റിയാഗോ എന്ന വൃദ്ധൻ കടലിൽ മീൻ പിടിക്കാൻ പോയ കാര്യമാണുള്ളത്. ദിവസങ്ങൾ കടലിൽ അലഞ്ഞിട്ടും ആഗ്രഹിച്ച മത്സ്യത്തെ കിട്ടിയില്ല, നിരാശനായില്ല ആ വൃദ്ധൻ, ആഴ്ചകൾക്കുശേഷം അയാളെക്കാൾ വലിപ്പമുള്ള ഒരു മത്സ്യം ചൂണ്ടയിൽ കുടുങ്ങുന്നതും ആ മത്സ്യം കൊടുങ്കാറ്റിനേക്കാൾ വേഗത്തിൽ ഈ വൃദ്ധനെയും തോണിയേയും കൊണ്ട് പുറങ്കടലുവരെ എത്തുകയും അവിടെ വച്ചു ഈ കൂറ്റൻ മത്സ്യം ചാകുകയും ചെയ്യുന്നു. ആ മത്സ്യത്തെയും കൊണ്ട് തോണി തുഴഞ്ഞു തീരത്തെത്തുന്ന കിഴവൻ നമ്മെ ഓർമ്മിപ്പിക്കുന്നത് വാർധക്യം ആണെങ്കിലും ഇഛാശക്തിയുണ്ടെങ്കിൽ പ്രായം ഒന്നിനും തടസ്സമല്ല എന്നാണ്. മക്കളോടും മരുമക്കളോടും കൊച്ചുമക്കളോടും ഒരു വാക്ക്. പ്രായമുള്ളവരുടെ ആവശ്യം പണമോ, സുഖമോ, ഭക്ഷണമോ ആണോ? അല്ല. അംഗീകരിക്കപ്പെടണം, ആദരിക്കപ്പെടണം, സ്നേഹിക്കപ്പെടണം ഇത്രയൊക്കെയേ ഉള്ളൂ. ഇതു കൊടുത്താൽ ചങ്കും കൂടെ വേണമെങ്കിൽ അവർ പറിച്ചു തരും. ആർഷഭാരത സംസ്ക്കാരമനുസരിച്ചു മാതാവും പിതാവും ആചാര്യനുമല്ലേ ദേവസ്ഥാനീയർ? ബൈബിളിൽ വാർധക്യത്തിലുള്ള മാതാപിതാക്കളെ മാത്രമല്ല, വൃദ്ധരായവർക്കു സമൂഹം നൽകേണ്ട പരിഗണനകൾ കല്പനകളാക്കിയാണ് നൽകിയിരിക്കുന്നത്. പ്രായമുള്ളവരെ അവഗണിക്കുന്നവർ ക്രിസ്തുനാഥന്റെ വചനങ്ങൾ മറക്കാതിരിക്കുക . യോഹന്നാൻ 21:18, ആമേൻ ആമേൻ ഞാൻ നിന്നോടു പറയുന്നു. നീ യൗവനക്കാരൻ ആയിരുന്നപ്പോൾ നീ തന്നെ അരകെട്ടി ഇഷ്ടമുള്ള ഇടത്തു നടന്നു: വയസ്സനായ ശേഷമോ നീ കൈ നീട്ടുകയും മറ്റൊരുത്തൻ നിന്റെ അരകെട്ടി നിനക്കു ഇഷ്ടമില്ലാത്ത ഇടത്തേക്കു കൊണ്ടുപോവുകയും ചെയ്യും എന്നു പറഞ്ഞു. ഇത് ആരും ഒരിക്കലും മറക്കാതിരിക്കുക.

അപകടകരമായ ചുവടുമാറ്റം

ഡേവിഡ് വിൽക്കേഴ്സൺ

ഒരപ്പന്റെ കരുതലിനെ സംശയിക്കുന്നിടത്തു തുടങ്ങുന്ന ചുവടുമാറ്റം അപകടകരമാണ്. അങ്ങനെയുള്ളവർ വളരെ എളുപ്പത്തിൽ എല്ലാം തന്നിഷ്ടപ്രകാരം ചെയ്യുന്ന നിലയിലേക്കു എത്തിപ്പെടും. അതു ഏറെ സങ്കടകരമായ ഒരവസ്ഥയാണെന്നറിയണം. സ്വന്ത ഇഷ്ടപ്രകാരം എല്ലാം ചെയ്തു തുടങ്ങുന്ന നിമിഷം നിങ്ങൾ നിങ്ങളുടെ ഹൃദയത്തെ ദുഷ്ടതയുടെ ഒരു കുത്തൊഴുക്കിനായി തുറന്നു കൊടുക്കുകയാണ്.

പിതാവിന്റെ സ്നേഹത്തെ സംശയിച്ച യാക്കോബിന്റെ പുത്രന്മാരിൽ വന്ന ആദ്യമാറ്റം അവരുടെ സംസാര ശൈലി മാറി എന്നതാണ്. അവരെന്താണു പറഞ്ഞത്: "വരുവീൻ നാം അവനെ കൊന്ന് ഒരു കുഴിയിൽ ഇട്ടുകളക" (ഉല്പത്തി 37.19). പിന്നീട് അവനെ പൊട്ടക്കിണറ്റിലിടാം എന്നു പറഞ്ഞു, ഒടുവിൽ യിശ്മായേല്യർക്കു വിറ്റു പണമുണ്ടാക്കാമെന്നു പറഞ്ഞു. നോക്കൂ അവരുടെ ഹൃദയം വെറുപ്പും വഞ്ചനയും ഉള്ളതായി. ആ കളങ്കിതമായ ഹൃദയത്തിൽനിന്നും പിന്നീട് പ്രവർത്തിപഥത്തിലെത്തിയ ദുഷ്ടത നിറഞ്ഞ വാക്കുകളാണ് ഒഴുകിയത്, ഈ ലോകത്തിന്റെ വാക്കുകൾ.

വായിൽനിന്നും വരുന്ന അശുദ്ധമായ സംസാരം ദുഷ്ടഹൃദയത്തിന്റെ സൂചനയാണു നല്കുന്നത്. യോസേഫിന്റെ സഹോദരന്മാർ നിർവികാരികളായി പാപം ചെയ്യുവാനിടയായി, അവരുടെ അശുദ്ധമായ സംസാരം അവരെ ക്രൂരകൃത്യം ചെയ്യുന്നവരാക്കി മാറ്റി. ആദ്യം അവർ നീചന്മാരെപ്പോലെ സംസാരിച്ചു, പിന്നെ അവർ നീചന്മാരെപ്പോലെ പെരുമാറി, അങ്ങനെ അവർ നീചന്മാരായി. അവർ തെറ്റു ചെയ്തു എന്നു മാത്രമല്ല, അതു മറെച്ചുവെക്കുവാനുള്ള തന്ത്രങ്ങളും മെനഞ്ഞു, എന്നിട്ട് ഒന്നും സംഭവിക്കാത്തതുപോലെ ആടുകളെ മേയ്ക്കുന്ന ജോലി തുടർന്നു.

നമ്മുടെ സ്വർഗസ്ഥ പിതാവിന്റെ സ്നേഹത്തെ സംശയിച്ചുകൊണ്ട് നമുക്കെത്രത്തോളം മുമ്പോട്ടു പോകാനാവും? നിർവിചാരികളായും അന്യായം ചെയ്യുന്നവരായും നാം മാറിില്ലേ? യിസ്രായേൽമക്കളുടെ ഹൃദയകാഠിന്യത്തെക്കുറിച്ച് പ്രവാചകനായ മലാഖി പറയുന്നത് ശ്രദ്ധിക്കുക, "..ഞാൻ നിങ്ങളെ സ്നേഹിക്കുന്നു എന്ന് യഹോവ അരുളിച്ചെയ്യുന്നു, എന്നാൽ നിങ്ങൾ: നീ ഞങ്ങളെ ഏതിനാൽ സ്നേഹിക്കുന്നു എന്നു ചോദിക്കുന്നു" (1:2). ആശ്ചര്യകരം, നീ ഞങ്ങളെ സ്നേഹിക്കുകയോ കരുതുകയോ ചെയ്യുന്നതിനെന്താണു തെളിവ് എന്നവർ ചോദിക്കുന്നത് വിസ്മയകരമല്ലേ?

ദൈവത്തിന്റെ സ്നേഹത്തെയും കരുതലിനെയും സംശയിച്ച് എല്ലാം തനിയെ ചെയ്യാം എന്ന നിലപാടെടുത്തിട്ടുള്ള ഒരു ക്രിസ്ത്യാനിയെ എനിക്കു കാണിച്ചു തരാമോ എന്നാൽ യോഗ്യമല്ലാത്തതു സംസാരിക്കുന്ന ആളാണു അയാൾ എന്നു ഞാനും കാണിച്ചുതരാം. വളരെവ്യക്തമായ മാറ്റം ആളുകളിൽ വന്നുകൊണ്ടിരിക്കും. സംശയം വർധിച്ചുവരുന്നതനുസരിച്ച് സംസാരത്തിലെ അശുദ്ധിയും വർധിച്ചുകൊണ്ടിരിക്കും. ചില ക്രിസ്ത്യാനികളുടെ സംസാരം കേട്ടാൽ ഞെട്ടിപ്പോകും. ഒരുകാലത്ത് ദൈവീക ദർശനത്തോടെയും, വിശുദ്ധിയോടെയും, വിശ്വാസത്തോടെയും, സന്തോഷത്തോടെയും സംസാരിച്ചുകൊണ്ടിരുന്നവരാണവർ. അന്ന് അവർ സൂക്ഷിച്ചുമാത്രമേ വാക്കുകൾ ഉപയോഗിച്ചിരുന്നുള്ളൂ, മൃദുവായ വാക്കുകളാണ് സംസാരിച്ചിരുന്നത്. ഇന്ന്, അവരുടെ ഹൃദയത്തിലുള്ളതെന്താണെന്ന് അവരുടെ വാക്കുകൾ വെളിപ്പെടുത്തുന്നു. ഭയം, അവിശ്വാസം, നിരാശ ഇവയൊക്കെയായിരിക്കും അത്. പൈശാചികവും അവിശ്വാസത്തിൽനിന്നും ഉളവാകുന്നതുമായ ചിന്തകളെ എറിഞ്ഞു കളയണം. ദൈവത്തിന്റെ വലിയ സ്നേഹത്തെ സംശയിക്കുന്ന പ്രകൃതം അപ്പാടെ മാറണം.



ചെയ്സ് ജോസഫ്

പ്രത്യാശയും ആനന്ദവും

ദൈവീകമായ ആനന്ദം നമുക്ക് നൽക്കപ്പെട്ടിരിക്കുന്നതു പ്രത്യാശയുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. പലപ്പോഴും നമുക്ക് ആനന്ദവും പ്രത്യാശയും നഷ്ടപ്പെടുന്നത് ഒന്നിച്ചാണ്. ഇത് നമ്മെ പരാജയപ്പെട്ട, വിടുതൽ ഇല്ലാത്ത, വിശുദ്ധീകരണം സംഭവിക്കാത്ത ഒരു ജീവിതത്തിൽ തളച്ചിടും. പ്രത്യാശയാണ് ആനന്ദം നൽകുന്നത്. ഈ പ്രത്യാശയാണ് വിശുദ്ധീകരണത്തിനു അടിസ്ഥാനമായി വരുന്നത്. 1 യോഹന്നാൻ 3:2,3 വാക്യങ്ങൾ പറയുന്നത് അവനെപ്പോലെ നാം ആയിത്തീരും എന്ന പ്രത്യാശ ഉള്ളവൻ അവൻ നിർമ്മലൻ ആയിരിക്കുന്നതുപോലെ തന്നെത്താൻ നിർമ്മലീകരിക്കുന്നു എന്നാണ്. ഭാഗ്യകരമായ പ്രത്യാശ പലപ്പോഴും ഇല്ലാതെ പോകുന്നത് നാം നമ്മുടെ പ്രവൃത്തിയെ രക്ഷയ്ക്ക് ആധാരമായി കാണുന്നതു കൊണ്ടാണ്. നമ്മിലേക്ക് നോക്കുമ്പോൾ ആത്മാവിന്റെ സഹായത്തോടെ ആണെങ്കിൽ നമുക്ക് നമ്മുടെ ഒന്നും ഇല്ലാത്ത അവസ്ഥയെ കണ്ടെത്തുവാൻ കഴിയും. അതു നമ്മെ നിരാശരാക്കി മാറ്റും. അതുകൊണ്ടു നാം വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനും ആയ ക്രിസ്തുവിലേക്കു തന്നെ നോക്കുവാൻ ശ്രദ്ധിക്കണം. വിശ്വാസം, നമ്മുടെ പ്രവൃത്തികൾ നന്നായി വരും എന്നും നാളെ ഞാൻ എന്റെ പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ രക്ഷയുടെ മേൽ അവകാശവാദം ഉന്നയിക്കാവുന്ന രീതിയിൽ അനുസരിക്കുന്നവൻ ആകും എന്നും ആയിപ്പോയാൽ എത്ര ഓടിയാലും നിരാശ ആകും ഫലം. കാരണം നാം ഒരിക്കലും നമ്മുടെ പ്രവൃത്തികളാൽ രക്ഷ നേടുവാൻ യോഗ്യർ ആവുകയില്ല. അതുകൊണ്ട് നാം കർത്താവിനെത്തന്നെ നോക്കണം എന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നു. അതുകൊണ്ടാണ് പ്രത്യാശയുടെ അടിസ്ഥാനം സ്നേഹം ആണെന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നത്. ദൈവത്തിനു നമ്മോടുള്ള സ്നേഹം അവന്റെ പുത്രനെ തന്നെ നമുക്ക് തന്നു കൊണ്ടാണ് വെളിപ്പെടുത്തിയത്. അതു നമ്മൾ ശത്രുക്കൾ ആയിരിക്കുമ്പോൾ ആയിരുന്നു. ഇപ്പോൾ നമ്മൾ മക്കൾ ആണ്. ശത്രുക്കൾക്കു വേണ്ടി പുത്രനെ തരാൻ മനസ് കാണിച്ച ദൈവം നമ്മെ (മക്കളെ) എത്ര അധികമായി കോപത്തിൽ നിന്ന് രക്ഷിക്കും!! ഇതാണ് നമ്മെ വിശുദ്ധീകരിക്കുന്ന, തേജസ്സിലേക്കു നടത്തുന്ന പ്രത്യാശയുടെ അടിസ്ഥാനം എന്ന് ഈ വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ടു രക്ഷയുടെ ആനന്ദം ഒരിക്കലും ഭംഗം വരാത്ത പ്രത്യാശയിൽ നിന്നും വരുന്നതാണ്. അത് മുമ്പോട്ടുള്ള യാത്രയിൽ നമ്മെ ആശ്വസിപ്പിക്കുകയും ക്രിസ്തുവിൽ നമ്മെ ഉറപ്പിക്കുകയും ചെയ്യും.

ആദമിലൂടെ മരണവും ക്രിസ്തുവിലൂടെ ജീവനും.

ആദം മുതൽ എല്ലാ മനുഷ്യരിലും മരണം വ്യാപാരിച്ചിരുന്നു. അതിനു കാരണം ആദം എല്ലാ മനുഷ്യരുടെയും പ്രതിനിധി ആയിരുന്നു എന്നതാണ്. ഈ ഭൂമിയിൽ ജനിച്ചവരിൽ ക്രിസ്തു ഒഴികെ എല്ലാവരും ആദമിൽ നിന്ന് ഉള്ളവർ ആയിരുന്നു. അതുകൊണ്ട് ആദം മൂലം സകലരിലും മരണം വാണിരുന്നു. പാപം പാരമ്പര്യമായി എല്ലാ മക്കൾക്കും ലഭിച്ചു. മരണം ആയിരുന്നു അതിന്റെ പരിസമാപ്തി. മരണം വാഴുക എന്നത് ഒരു ഭയാനകമായ പ്രയോഗം ആണ്. ഇന്ന് നാം ചുറ്റും നോക്കുമ്പോൾ ആദമിന്റെ മക്കളിൽ എല്ലാം മരണം വാഴുന്നത് കാണാം. പഴയകാല ചിത്രങ്ങൾ /ദൃശ്യങ്ങൾ ഒക്കെ കാണുമ്പോൾ ഒരുപക്ഷെ നമുക്ക് അനുഭവപ്പെടാം എത്ര പേരിൽ

അവരുടെ ലൗകിക സന്തോഷങ്ങൾക്കു ഇടയിലും മരണം വ്യാപരിക്കുന്നുണ്ടായിരുന്നു എന്ന്. അവരിൽ ചിലരിൽ ജീവൻ വ്യാപരിക്കുന്നുണ്ടായിരുന്നു. ആദാമ്യ സന്തതികൾ മരിക്കണം എന്നുള്ളത് ദൈവ നിയമം ആണ്. അതിൽ നിന്ന് ഒഴിയാൻ ആർക്കും കഴിയുകയില്ല.

മരണം വാഴുന്നു എന്ന അവസ്ഥ.

എങ്ങനെ ആണ് ഒരു മനുഷ്യനിൽ മരണം വാഴുന്നത്? എപ്പോൾ വേണ്ടമെങ്കിലും സംഭവിക്കാവുന്ന മരണം എന്ന യാഥാർഥ്യം നമ്മുടെ ആസ്വാദനങ്ങൾ എല്ലാം അവസാനിപ്പിക്കുമോ, ഈ ഭൂമിയിൽ ഒന്നും അവശേഷിപ്പിക്കാതെ, ഇനി ഒരു മടങ്ങിവരവില്ലാതെ, എങ്ങോട്ടു എന്ന് അറിയാതെ ഞാൻ ഇല്ലാതായിപ്പോകുമോ എന്ന ചിന്ത എല്ലാ ആദാമ്യ മനുഷ്യരെയും അവർ അറിയാതെ ഭരിക്കുന്നുണ്ട്. ജീവിതത്തിന്റെ തത്വങ്ങൾ, എന്തിനു ജീവിക്കണം, എങ്ങനെ ജീവിക്കണം,ആർക്കു വേണ്ടി ജീവിക്കണം, എന്നൊക്കെ തീരുമാനിക്കപ്പെടുന്നത് ഈ ഭയത്തിൽ നിന്നാണ്. എന്തിനാണ് നാം സ്വത്തുക്കൾ സമ്പാദിക്കുന്നത്? ഞാൻ നാളെ മരിച്ചാൽ എന്ന ചോദ്യമാണ് അതിന്റെ അടിസ്ഥാനം. എല്ലാ മനുഷ്യരും ക്രിസ്തുവിൽ വരുന്നതുവരെ ആദമിൽ ആണ്, പ്രായോഗിക തലത്തിൽ ചിന്തിക്കുമ്പോൾ. ഈ വാഴ്ച അവസാനിപ്പിക്കാൻ ഒരു മനുഷ്യന്റെ കയ്യിലും ആയുധങ്ങൾ ഒന്നുമില്ല.

മരണം വാഴുന്നതിന്റെ ഒരു ലക്ഷണം മനുഷ്യനെ നിയന്ത്രിക്കുന്ന ഭോഗാസക്തി ആണ്. എത്ര ആസ്വദിച്ചാലും ഇനി എന്തെങ്കിലും ബാക്കി ഉണ്ടോ എന്ന് ചിന്തിപ്പിക്കുന്ന അടിമത്തം. കാരണം ഈ ചെറിയ ഓട്ടത്തിൽ അനുഭവിക്കാൻ പറ്റുന്ന സുഖങ്ങൾ എല്ലാം കൈവശം ആക്കുക. പറ്റുമെങ്കിൽ ഏറ്റവും സൗകര്യങ്ങൾ ഉള്ള ഒരു വീട് പണിതു മരിക്കുന്നതിന് മുൻപ് കുറച്ചുനാൾ താമസിക്കുക. ഏറ്റവും നല്ല സുഖമായി സഞ്ചരിക്കാവുന്ന ഒരു വാഹനം വാങ്ങുക, അതിലുപരി, ഈ അവശേഷിക്കുന്ന കാലത്തു നല്ല ഒരു പേര് സമ്പാദിക്കുക എന്നതെല്ലാം ഒരു മനുഷ്യനിൽ മരണം വാഴുന്നു എന്നതിന്റെ അടയാളങ്ങൾ ആണ്. മരണത്തിന്റെ വാഴ്ചയിൽ നിന്ന് കൃപയുടെ വാഴ്ചയിലേക്കാണ് നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്. കൃപയുടെ വാഴ്ച എന്നത് അനേകർ ദുർവ്യാഖ്യാനം ചെയ്യുകയും, ദുർവിനിയോഗം ചെയ്യുകയും ചെയ്തിട്ടുള്ള ഒരു പ്രയോഗമാണ്. മരണം വാണപ്പോൾ നമ്മൾ ഏതു മോഹങ്ങളിൽ കിടന്നോ ആ മോഹങ്ങളിൽ നിന്ന് നാം രക്ഷപ്പെടുന്നത് കൃപയുടെ വാഴ്ചയിൽ നിന്നാണ്. ഈ കാര്യങ്ങൾ അടുത്ത അധ്യായത്തിൽ നാം കൂടുതൽ ആയി ചിന്തിക്കുന്നതായിരിക്കും.

ഏകമനുഷ്യന്റെ ലംഘനം (എന്താണ് മരണം?)

മരണവും ജീവനും ഏറ്റവും വ്യക്തമായ നിർവചനം ആദവും ഹവ്വയും പരാജയപ്പെടുന്ന, വീണുപോകുന്ന ആ അനുഭവത്തിൽ നിന്നും നമുക്ക് വ്യക്തമായി മനസ്സിലാക്കാം. ദൈവം അവരോടു കൽപ്പിക്കുന്നത് ഏദൻ തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന രണ്ടു വൃക്ഷങ്ങളിൽ ഒന്നായ നന്മതിന്മകളുടെ തിരിച്ചറിവിന്റെ വൃക്ഷത്തിന്റെ പഴം കഴിക്കരുത് എന്നാണ്. ഇത് ഒരുപക്ഷെ നമ്മെ അമ്പരപ്പിക്കുന്ന ഒരു കല്പന ആകാം. നന്മ-തിന്മകളെ തിരിച്ചറിയുന്നത് ഒരു ആവശ്യം ആണ് എന്ന് നമ്മിൽ മിക്കവരും എപ്പോൾ എങ്കിലും ചിന്തിച്ചിട്ടുണ്ടാവാം. ദൈവം അവരോടു അതിൽ നിന്ന് കഴിക്കരുത് എന്ന് ആവശ്യപ്പെടുന്നത് അവർ മരിച്ചു പോകാതെ ഇരിക്കാൻ വേണ്ടി ആണ്. കാരണം നന്മ-തിന്മകളുടെ തിരിച്ചറിവ് നടക്കുന്നത് ഒരിക്കലും ആത്മാവിൽ അല്ല, പ്രത്യുത ദേഹിയിൽ ആണ്, നമ്മുടെ മനസ്സിൽ ആണ്. ഒരു പ്രസംഗം കേൾക്കുമ്പോൾ വളരെ നന്നായിരുന്നു എന്ന് തോന്നുന്നത് ആത്മാവിൽ അല്ല, ദേഹിയിൽ ആണ്. നാം നമുക്ക് വേണ്ടതെല്ലാം തെരഞ്ഞെടുക്കുന്നത് ആത്മാവിന്റെ വിവേചനത്തിലൂടെ അല്ല,പ്രത്യുത നമ്മുടെ വിവേകത്താലും തിരിച്ചറിവിനാലും ആണ്.

എന്നാൽ മനുഷ്യനെക്കുറിച്ച് ദൈവം ആഗ്രഹിച്ചിരുന്നത് അങ്ങനെ അല്ല. അവൻ ആത്മാവിൽ ദൈവ ശബ്ദം കേട്ട്, ദൈവത്തിന്റെ ആലയമായി, ആത്മാവിന് കീഴ്പ്പെട്ടു ജീവിക്കേണ്ടതായിരുന്നു. എന്നാൽ സ്വതന്ത്രൻ ആകാൻ ഉള്ള പ്രലോഭനത്തിനു അവൻ വഴങ്ങിയപ്പോൾ അവൻ നഷ്ടമാക്കിയതു ദൈവത്തിന്റെ ശബ്ദം ആണ്. അതുകൊണ്ട് മരണം എന്നത് ശരീരം അനങ്ങാതെ ആവുന്നത് അല്ല, പിന്നെയോ ദൈവത്തോട് പ്രതികരിക്കാൻ പറ്റാതെ ആത്മാവിൽ മരിക്കുന്നതാണ്. ഈ ജീവൻ ഇല്ലായ്മ ആണ് ആദമിൽ നിന്ന് എല്ലാ സന്തതി പരമ്പരകൾക്കും ലഭിച്ചത്. ഇതു കാരണം ഒരു മനുഷ്യനും സ്വയം രക്ഷപെടാൻ കഴിയാത്ത അവസ്ഥയിൽ ആണ്.

ആത്മാവിൽ ഒന്നും അനുഭവപ്പെടാത്ത അവസ്ഥ ആണ് മരണം. പക്ഷെ പലരും ആ മരണാ

വസ്ഥയിൽ തന്നെ തങ്ങൾ ജീവൻ ഉള്ളവർ എന്ന് വിചാരിക്കുന്നു എന്നതാണ് ഏറ്റവും വലിയ അപകടം. കാരണം നമ്മുടെ വികാരങ്ങളെ, അത് നല്ലതും ദൈവോന്മുഖവും ആയാൽ ആത്മാവ് ആണെന്ന് തെറ്റിദ്ധരിക്കാൻ സാധ്യത ഉണ്ട്. നമ്മുടെ വികാരങ്ങൾ, സ്നേഹം, ആവേശം, ഉത്സാഹം ഇവ ഒന്നും ആത്മാവിൽ നിന്ന് ആകണം എന്നില്ല. ആത്മാവ് മൃതാവസ്ഥയിൽ ആയാൽ പോലും നമുക്ക് ആത്മീയ കാര്യങ്ങളിൽ ഉത്സാഹം ഉള്ളവർ എന്ന് കാണപ്പെടാൻ സാധിക്കും.

ആദാമിക മനുഷ്യൻ നേരിടുന്ന ഏറ്റവും വലിയ അപകടം അവൻ തെറ്റ് ചെയ്യുന്നു എന്നതല്ല, പിന്നെയോ ജഡത്തിൽ തന്നെ അവൻ നീതി ചെയ്യുന്നു എന്നതാണ്. ഈ നീതി അവനെ മനസാന്തരപ്പെടാൻ കഴിയാത്തവനും തടിച്ച ഹൃദയം ഉള്ളവനും ആക്കി മാറ്റുന്നു. സ്വന്ത സാഹചര്യങ്ങൾക്ക് ഇണങ്ങുന്ന ഒരു നീതി ഉണ്ടാക്കി, അത് അനുസരിച്ചു, ദൈവനീതിക്കു കീഴ്പ്പെടാതെ സ്വയം നീതിമാൻ എന്ന് വിചാരിക്കുന്നത് ആദാമിക മനുഷ്യന്റെ ഏറ്റവും വലിയ പരാജയം ആണ്. അതുകൊണ്ട് ഒരു മനുഷ്യൻ പാപി ആണെന്ന് സ്വയം തോന്നാത്തത് ഈ മരണം നമുക്ക് വരുത്തിയ മരവിപ്പിന്റെ ഒരു പ്രധാന ലക്ഷണം ആയി കാണാം. ജഡത്തിൽ നിന്ന് അല്ലെങ്കിൽ നമ്മുടെ സ്വയത്തിൽ നിന്ന് വരുന്നത്, നന്മ ആയാലും തിന്മ ആയാലും അത് ദൈവത്തിനു എതിരായ ഒരു വ്യവസ്ഥയുടെ ഭാഗമാണ്. ■

വിജ്ഞാനവീഥി

ഇയ്യോബിന്റെ പുസ്തകം

ഏറ്റവും നീതിമാൻ എന്നു ദൈവംതന്നെ സാക്ഷ്യപ്പെടുത്തുന്ന ഒരു മനുഷ്യൻ അനുഭവിക്കുന്ന അതികഠിനമായ സാത്താന്യ പരീക്ഷയാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം. മനുഷ്യന് ഉത്തരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്ത ഒരു സമസ്യയാണ് ഇത്. തന്നെത്തന്നെ നീതീകരിച്ച ഇയ്യോബിനോ, അവനെ ആശ്വസിപ്പിക്കുവാൻ വന്ന് അവനെ കുറ്റം വിധിച്ച അവന്റെ സ്നേഹിതർക്കോ ഈ പ്രശ്നത്തിന് യുക്തിക്കു നിരക്കുന്ന ഒരു വിശദീകരണം നല്കുവാൻ കഴിഞ്ഞില്ല. ഏതു പ്രതിസന്ധിയിലും പതറാതെ, കുലുങ്ങാതെ ഉറച്ചു നില്ക്കുവാൻ ദൈവജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ദൈവം സകലവും നന്മയ്ക്കാക്കിത്തീർക്കും എന്ന പ്രത്യാശ നല്കുന്നതിനും ദൈവത്തിന്റെ പരമാധികാരത്തിനു തങ്ങളെത്തന്നെ സമർപ്പിച്ചു വിജയിക്കുന്നതിന് അവരെ സജ്ജരാക്കുന്നതിനും ഈ പുസ്തകം ലക്ഷ്യം വയ്ക്കുന്നു. ജീവിച്ചിരിക്കുന്ന വീണ്ടെടുപ്പുകാരൻ എന്ന് ക്രിസ്തുവിനെ ഈ ഗ്രന്ഥം പ്രതിപാദിക്കുന്നു (19.25). വ്യസനിപ്പിക്കുന്ന ആശ്വാസകരായ തന്റെ സ്നേഹിതന്മാർക്കുവേണ്ടി ഇയ്യോബ് പ്രാർഥിക്കുകയും ഹോമയാഗം കഴിക്കയും ചെയ്തപ്പോൾ അവരെല്ലാവരും അനുഗ്രഹിക്കപ്പെടുകയും തനിക്കു നഷ്ടപ്പെട്ട സകലവും യഹോവ ഇയ്യോബിനു ഇരട്ടിയായി നല്കുകയും ചെയ്തതുകൊണ്ട് ഇത് ഒരു ശുഭപര്യവസായി ആകുന്നു.

ഗോത്രപിതാവായ അബ്രഹാമിന്റെ സമകാലികനാണ് ഇയ്യോബ് എന്നു കണക്കാക്കപ്പെടുന്നു. ഇത് ഒരു കാവ്യഗ്രന്ഥവും അപ്പോൾത്തന്നെ ഒരു വിജ്ഞാനഗ്രന്ഥവുമാണ്.

തന്റെ കഷ്ടനഷ്ടങ്ങളെക്കുറിച്ച്, 'ഞാൻ ഭയപ്പെട്ടത് എനിക്കു ഭവിച്ചു' എന്ന് ഇയ്യോബ് പറയുന്നുണ്ട്. നല്ല ഒരു വിജയം കരസ്ഥമാക്കിയ ഇയ്യോബു തന്നെ അലട്ടിയ ഭയത്തെ പൂർണമായി ജയിച്ചു എന്ന പാഠം നമുക്കു ലഭിക്കുന്നു. തനിക്കെതിരെ സാത്താൻ ഉന്നയിച്ച ആരോപണങ്ങൾ വീണ്ടും ഉന്നയിക്കുവാൻ കഴിയാതെവണ്ണം സാത്താൻ പരാജയപ്പെടുന്നതും നമുക്കു കാണാം. പത്തു മക്കളെയും മരുമക്കളെയും കൊച്ചുമക്കളെയും എല്ലാവരെയും കൂട്ടിവരുത്തി അവരുടെ ആത്മികത നിലനിർത്തുന്നതിനു കാണിച്ച ഉദ്യമവും മാതൃകയാക്കേണ്ടതാണ്.



ജോൺസൺ കടമ്പനാട്

പ്രയോജനമുള്ളത് ഒന്നും മറച്ചുവെക്കരുത്

കർത്താവിന്റെ ശുശ്രൂഷയിൽ വ്യാപൃതനായിരുന്ന പൗലോസ് മിലേത്തോസിലായിരിക്കുമ്പോൾ എഫെസോസിലേക്ക് ആളയച്ച് സഭയിലെ മൂപ്പന്മാരെ വരുത്തി. അവർ അടുക്കൽ വന്നപ്പോൾ അവൻ അവരോട് പറഞ്ഞത് ശ്രദ്ധിക്കുക: "ഞാൻ ആസ്യയിൽ വന്ന ഒന്നാം നാൾ മുതൽ എല്ലായ്പോഴും നിങ്ങളോടു കൂടെ താഴ്മയോടും കണ്ണുനീരോടും യഹൂദന്മാരാൽ ഉണ്ടായ കഷ്ടനഷ്ടങ്ങളോടും കൂടെ കർത്താവിനെ സേവിച്ചുവന്നു എന്നും പ്രയോജനമുള്ളത് ഒന്നും മറെച്ചുവെക്കാതെ പരസ്യമായും വീടുതോറും നിങ്ങളോട് അറിയിക്കയും ഉപദേശിക്കയും ചെയ്തു എന്നും, ദൈവത്തിങ്കലേക്കുള്ള മാനസാന്തരവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസവും യഹൂദന്മാർക്കും യവനന്മാർക്കും സാക്ഷീകരിച്ചു എന്നും നിങ്ങൾ അറിയുന്നുവല്ലോ (അപ്പോസ്തല പ്രവൃത്തികൾ 20 : 20).

ഞാൻ രക്ഷിക്കപ്പെട്ട് പാരമ്പര്യ ക്രിസ്തീയ സഭയിൽ നിന്നും സുവിശേഷ സത്യങ്ങൾക്കായി നിലകൊണ്ട പൂർണ്ണ സുവിശേഷ പ്രസ്ഥാനങ്ങളോടു ചേർന്ന വ്യക്തിയാണ്. അതിൽ നിലനിന്നും, വളർന്നും, പഠിച്ചും, പഠിപ്പിച്ചും സുവിശേഷത്തിനായി നിലകൊള്ളുന്നു. വേർപെട്ട ദൈവസഭകളിൽ എത്തിയതിനാൽ മാത്രം ആർക്കും ആത്മീക വളർച്ചയുടെ പൂർണ്ണത ഉണ്ടാകുന്നില്ല. ആത്മികമായി വളരാനുള്ള വിഭവങ്ങൾ സഭയിൽ ലഭ്യമായിരിക്കുന്നുവെങ്കിൽ മാത്രമേ സഭ വിശ്വാസികളുടെ വളർച്ചയുടെ ഇടമാകയുള്ളൂ. വചനം പ്രസംഗിക്കുന്നവർ ക്രിസ്തുയേശുവിനേയും കർത്താവു പഠിപ്പിച്ച പുതിയ നിയമത്തിലെ ആഴമുള്ള പഠിപ്പിക്കലുകളെയും പഠിപ്പിക്കുന്നതിനു പകരം രോഗസൗഖ്യവും പാപക്ഷമയും, പിന്നെ ഭൗതികനന്മകളും മാത്രം പ്രസംഗിച്ചുകൊണ്ടിരിക്കരുത്. ഒരു സാധാരണ സഭയിലെ സഭായോഗത്തിൽ നിന്നും ഇന്നു നാം പഠിക്കുന്നത് എന്താണ്? പഴയനിയമവും സങ്കീർത്തനങ്ങളും മാത്രമാണോ?

പ്രപഞ്ചത്തിലെ ആദിമ ദൈവപ്രവൃത്തികൾ തിരുവെഴുത്തിലെ പഴയ നിയമത്തിൽ വിവരിക്കുന്നു. ചരിത്രപരവും, പ്രവചനപരവും, സാഹിത്യപരവുമായി അതിനുള്ള പ്രാധാന്യംഏറെയാണ്. എന്നാൽ പുതിയ നിയമസഭയിൽ നിന്നും ജനത്തിനു ലഭിക്കേണ്ടത് അതിലുപരിയാണ്. സഭയിൽ എന്തു നടക്കണമെന്നും വിശ്വാസികൾ എങ്ങനെ നടക്കണമെന്നതും ദൈവാത്മാവിന്റെ ദർശനം പ്രാപിച്ച് സഭയെ പഠിപ്പിക്കണം. ശരിയായ പഠിപ്പിക്കലിന്റെ അഭാവം കൊണ്ട് സഭ ഇന്ന് എത്തി നില്ക്കുന്നത് സമൂഹത്തിലെ മറ്റു സമുദായങ്ങളെപ്പോലെ തെരഞ്ഞെടുപ്പും സ്ഥാനമാനങ്ങളും ഒക്കെയായി ഒരു പ്രസ്ഥാനമായിട്ടല്ലേ? മത്സരികളും തന്നിഷ്ടക്കാരും സ്വാർത്ഥതയിലൂന്നിയ ജഡീകരുമല്ല യഥാർത്ഥ ക്രിസ്ത്യാനികൾ. സഭയെന്ന പേരിൽ അത്തരം ഒരു സമൂഹമായിത്തീരരുത് നാം.

ആരാധനയെന്ന പേരിൽ അതുമിതും അനുകരിക്കരുത്. 'ആരാധന' ജീവിതത്തിന്റെ അർപ്പ

ണമാണെന്ന തിരിച്ചറിവില്ലാതെ, ദൈവസാന്നിധ്യം എന്തെന്നറിയാതെ ആത്മീക നിഗളം പ്രകടമാക്കുന്ന വേദിയാക്കരുത് കൂടിവരവുകൾ. ഞങ്ങളുടെ ആരാധന ഏറെ മെച്ചമാണ്, ആസ്വാദ്യകരമാണ് എന്നൊക്കെ അവകാശപ്പെടുന്നവർ ആരാധനയെയും മത്സരമാക്കുകയാണോ? അപ്പോസ്തല പിതാക്കന്മാർ പഴയനിയമ ഭക്തരെയല്ല യേശുവിനെയാണു പ്രസംഗിച്ചത്. പഴയനിയമ ഭക്തന്മാരെ പരാമർശിക്കാം, പ്രസംഗിക്കുന്നതു ക്രിസ്തുവിനെയായിരിക്കണം. പൗലോസ് തനിക്കു പ്രത്യക്ഷനായ ക്രൂശിക്കപ്പെട്ട യേശുക്രിസ്തുവിനെ പ്രസംഗിക്കുന്നതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. യേശുക്രിസ്തുവിന്റെ ക്രൂശിലല്ലാതെ പ്രശംസിക്കാനൊന്നുമില്ലായിരുന്നു തനിക്ക്. ലഭിച്ച ദൈവകൃപ വ്യർഥമാകാതിരിപ്പാൻ സൂക്ഷിക്കുന്ന ഒരുവൻ, ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനാക്കുവാൻ ശ്രമിക്കുന്ന ഒരുവൻ, മരണമൊ, ജീവനൊ, എന്തു തന്നെയായാലും ദൈവ ഇഷ്ടത്തിലേക്ക് തിരിയുന്നവൻ. അവൻ പറയുന്നു: "ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവീൻ". ഇങ്ങനെ ക്രിസ്തുവിന്റെ അനുകാരികളായി വീണ്ടെടുക്കപ്പെട്ടതും അതിനായി വേർതിരിച്ചതുമായ ക്രിസ്തുവിന്റെ ജനമാണ് 'സഭ'. സഭ ക്രിസ്തുവിന്റെ ശരീരം എന്ന നിലയിൽ അതിന്റെ ജീവൻ നിലനിർത്തി ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത് എന്ന സാക്ഷ്യമാണ് പറയേണ്ടത്. ക്രിസ്തുവിനെ ശരിക്കും അറിയാത്തവൻ ക്രിസ്തുവിനെ പ്രസംഗിക്കരുത്. ക്രിസ്തുവിനെ അറിഞ്ഞിട്ടും അറിയാത്തവരെപ്പോലെ കാണപ്പെടുന്നവർ നടത്തിപ്പുകാരായാൽ എന്താവും ഗതി? അതിനെ ജീവനില്ലാത്ത സഭയെന്ന് വിളിച്ചാലും തെറ്റില്ല. പ്രകടനങ്ങളല്ല ജീവന്റെ ലക്ഷണം, ആത്മീകഫലങ്ങളാണ്. ക്രിസ്തുവിന്റെ ജീവനാണ് നമ്മുടെ വിഷയം. അത് വളരുന്നതും നിലനില്ക്കുന്നതും സഭയിലൂടെയാണ്. മറ്റുള്ളവർക്കും ജീവൻ പകരുന്നവരാണ് ജീവനുള്ളവർ. 'സഭ' വിശുദ്ധന്മാരുടെ സംസർഗവും കൂട്ടായ്മയുമാണ്. ഫലമില്ലാത്ത വൃക്ഷം വെട്ടി തീയിൽ ഇടുന്നതുപോലെ ഫലമില്ലാത്ത സഭയെയും നീക്കിക്കളയും. അത് നിലത്തെ നിഷ്ഫലമാക്കുമല്ലോ. ദൈവത്തിന്റെ വിശുദ്ധിയുടെ പ്രമാണമാണ് കൃപയുടെ പ്രമാണം.

ഇക്കാലത്ത് ദൈവത്തിന്റെ കൃപയുടെ മറവിൽ അരുതാത്തത് ചെയ്തുകൂട്ടുന്ന അനേകരെ ദൈവം നോക്കിക്കാണുന്നു. കർത്താവിന്റെ നിന്ദ സഹിക്കുന്ന വിശുദ്ധന്മാർ ഇക്കാലത്ത് ഉണ്ടോ എന്ന് സംശയമാണ്, ഒരു ശേഷിപ്പ് എവിടെയെങ്കിലുമൊക്കെ ഉണ്ടാകാം. ഒരു സാധു കൊച്ചു കുഞ്ഞുപദേശിയും, സാധു സുന്ദർസിംഗുമൊക്കെ നമ്മുടെ നാട്ടിൽ ജീവിച്ചിരുന്നു.ലോകം അവർക്കു യോഗ്യമായിരുന്നില്ല എന്നതാണ് സത്യം.

ഒരു മടങ്ങിവരവിനായുള്ള ഓർമപ്പെടുത്തലുകൾ ദൈവം അയയ്ക്കാറുണ്ട്. വ്യകതിപരമായി ജീവിതത്തിലും സാമൂഹ്യമായും ഉണ്ടാകുന്ന ദൈവപ്രവർത്തികളെ പലപ്പോഴും മനുഷ്യർ അവഗണിക്കാറാണു പതിവ്. സന്ദർശനങ്ങളെ മനസ്സിലാക്കി മടങ്ങിവരുന്നവർ ചുരുക്കമായെങ്കിലും ഉണ്ടായിരിക്കാം.

ദൈവം നൽകിയ രക്ഷ നിത്യമരണത്തിൽ നിന്നുള്ള നീക്കുപോക്കാണ്. പാപം ഹേതുവായി ജനം ദൈവത്തെ കോപിപ്പിക്കുന്നതിനാൽ മനുഷ്യർ കെടുതികൾ അനുഭവിക്കേണ്ടിവരുന്നു. പക്ഷെ ജനം അതെല്ലാം മറക്കുന്നു. കുറെക്കാലം മുമ്പ് ഭൂചലനം ഉണ്ടായപ്പോൾ പകർച്ചവ്യാധികൾ വന്നപ്പോൾ, എലിപ്പനി തുടങ്ങിയ പിടികിട്ടാത്ത പേരുകളിൽ വൈറസ് വന്നപ്പോൾ ജനത്തിൽ ചിലർ ദൈവത്തെ ആശ്രയിക്കാൻ പഠിച്ചു. ജലപ്രളയം വന്നപ്പോഴും ചിലരൊക്കെ അല്പം ദൈവീക ചിന്തയുള്ളവരായി. രണ്ടാഴ്ച കഴിഞ്ഞപ്പോൾ അതു മാറി. എങ്ങനെയും പണം ഉണ്ടാക്കണം എന്ന് ചിന്തിക്കാൻ തുടങ്ങി. ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. ദൈവവും ഇത്തരക്കാരെ ഒരുനാളും തന്റേതായി കണ്ടിട്ടില്ല. "ഞാൻ നിങ്ങളെ ഒരുനാളും അറിഞ്ഞിട്ടില്ല". മാനസാന്തരമില്ലാത്ത 99 പേരേക്കാൾ ദൈവത്തിനു വലുതാണ് മാനസ്സാന്തരപ്പെടുന്ന ഒരാൾ. •

ക്രിസ്തുവിനെ ശരിക്കും അറിയാത്തവൻ ക്രിസ്തുവിനെ പ്രസംഗിക്കരുത്. ക്രിസ്തുവിനെ അറിഞ്ഞിട്ടും അറിയാത്തവരെപ്പോലെ കാണപ്പെടുന്നവർ നടത്തിപ്പുകാരായാൽ എന്താവും ഗതി? അതിനെ ജീവനില്ലാത്ത സഭയെന്ന് വിളിച്ചാലും തെറ്റില്ല. പ്രകടനങ്ങളല്ല ജീവന്റെ ലക്ഷണം, ആത്മീകഫലങ്ങളാണ്.





എൽസി ജോയ്

സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കുക

സ്ത്രീകൾ അവരുടെ കഴിവ് തെളിയിച്ച ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് എന്നത് സ്ത്രീകൾക്ക് ഏവർക്കും അഭിമാനകരമാണ്. വിദ്യാഭ്യാസത്തിൽ പുരുഷന്മാരെ സ്ത്രീകൾ പിൻതള്ളി തുടങ്ങിയിരിക്കുന്നു. അങ്ങനെയിരിക്കെ അപ്പൊസ്തലനായ പൗലോസിന്റെ ഒരു അഭിപ്രായത്തോടു യോജിക്കുവാൻ നമുക്ക് ബുദ്ധിമുട്ട് തോന്നാം. "എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കാൻ കഴിയാത്ത പെണ്ണുങ്ങളെ സ്വാധീനമാക്കയും ചെയ്യുന്നവൻ" (2 തിമൊഥെയോസ് 3:6). അതെ, ഈ പ്രയോഗം അല്പം കടന്നു പോയി എന്ന് നമുക്ക് തോന്നാം.

എന്നാൽ ദൈവവചനത്തിന്റെ ആധികാരികത നാം മനസ്സിലാക്കുമ്പോൾ ഈ വചനത്തിനു മുമ്പിൽ നാം വിനീതരാകേണ്ടിയിരിക്കുന്നു. നമ്മിലേക്ക് തിരിഞ്ഞ് നോക്കുകയും കുറവുകൾ കണ്ടെത്തി തിരുത്തി മുന്നേറുകയും ചെയ്യേണ്ടിയിരിക്കുന്നു. സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കേണ്ടതിനായി നാം ഉത്സാഹിക്കണം.

"എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കാൻ കഴിയാത്തപെണ്ണുങ്ങൾ" എന്ന പ്രയോഗം സ്ത്രീകളെ മൊത്തത്തിൽ ആക്ഷേപിക്കുന്നതായി കരുതരുത്. എന്നാൽ വലിയ ഒരു പങ്ക് ആ ഗണത്തിൽ പെടുന്നതായി ഈ പ്രയോഗം അർഥമാക്കുന്നുണ്ട്. സ്ത്രീകളിൽ പൊതുവെയുള്ള ഒരു ബലഹീനതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

"വശീകരണങ്ങൾക്ക് വിധേയപ്പെടുന്നു" എന്നതാണ് സ്ത്രീയുടെ ബലഹീനതയായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. വിലക്കപ്പെട്ട പഴം തിന്നുന്നതിന് ഹൗവ്വയെ വശീകരിക്കുവാൻ സർപ്പത്തിന് കഴിഞ്ഞു. പാപത്തിൽ വീണുപോയതിനാൽ വശീകരിക്കപ്പെടുവാനുള്ള സാധ്യത കൂടുകയാണുണ്ടായത്. ഈ വിഷയത്തിൽ നമുക്ക് അതീവ ജാഗ്രത വേണം.

വശീകരണത്തിൽ വീഴുന്നവർ, ഏത് വിഷയത്തിൽ വശീകരിക്കപ്പെട്ടുവോ അതിലേക്ക് മറ്റുള്ളവരെ വശീകരിക്കുന്നവരായിത്തീരും

വശീകരണങ്ങൾക്ക് വിധേയപ്പെടുന്നു എന്നതാണ് സ്ത്രീയുടെ ബലഹീനതയായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. വിലക്കപ്പെട്ട പഴം തിന്നുന്നതിന് ഹൗവ്വയെ വശീകരിക്കുവാൻ സർപ്പത്തിന് കഴിഞ്ഞു. പാപത്തിൽ വീണുപോയതിനാൽ വശീകരിക്കപ്പെടുവാനുള്ള സാധ്യത കൂടുകയാണുണ്ടായത്.

എന്നൊരു വശം കൂടി ഉണ്ട്. ഹവ്വാ വശീകരിക്കപ്പെട്ടതുകൊണ്ട് ആദമിനേയും വശീകരിക്കുവാൻ ഹവ്വായ്ക്ക് ഇടയായല്ലോ. സാത്താന്റെ കയ്യിൽ ഒരു കളിപ്പാവയായി അവൾ തീർന്നു പോകുന്നു എന്നത് എത്ര സങ്കടകരമായ കാര്യമാണ്.

നാം നമ്മുടെ ചുറ്റുപാടുകളിലേക്ക് കണ്ണോടിച്ചാൽ സ്ത്രീ കളിപ്പാവയായി മാറുന്ന കാഴ്ച കാണരുതോ? അത് എത്ര ദു:ഖകരമാണ്. ആധുനിക വസ്ത്രധാരണ രീതിയും പരസ്യങ്ങൾക്കായുള്ള കോലം കെട്ടലുകളും എല്ലാം ഒരു വിധത്തിൽ പറഞ്ഞാൽ സ്ത്രീയെ അധ:പതനത്തിലേക്കല്ലേ നയിച്ചുകൊണ്ടിരിക്കുന്നത്. പീഡനം വിളിച്ചുവരുത്തുന്ന നിലയിലാണ് സ്ത്രീ അവളെത്തന്നെ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നത്. ആരാധനാ സ്ഥലങ്ങളിൽ പോലും കടന്നുവരുന്നത് ഭക്തി വിരുദ്ധമായ വേഷത്തിലും ഭാവത്തിലുമാണ്. നാം ഇതേക്കുറിച്ച് ഗൗരവമായി ചിന്തിക്കയും പ്രാർഥിക്കയും ചെയ്യേണ്ടിയിരിക്കുന്നു.

എന്നാൽ മറുവശത്ത് മനം ഉരുകി കരയുന്ന ധാരാളം ഭക്തരായ സ്ത്രീജനങ്ങൾ ഉണ്ടെന്നുള്ളത് വാസ്തവമാണ്. നാം നമ്മുടെ മക്കളെ അധ:പതനത്തിന്റെ കുത്തൊഴുക്കിൽ പെടാൻ അനുവദിക്കാതെ പരിജ്ഞാനത്തിലേക്ക് നയിക്കണം. ഏറ്റവും ചെറുപ്പത്തിൽ തന്നെ ആത്മീയ കാഴ്ചപ്പാട് മക്കൾക്ക് ഉണ്ടാകണം. മൂല്യങ്ങളുടെ വിത്ത് അവരിൽ പാകപ്പെട്ടാൽ അത് വളർന്നുകൊള്ളും. നമ്മുടെ ജീവിതം അവർക്ക് മാതൃകയായി കാണിച്ചും അവസരത്തിനൊത്ത് നേർവഴി കാട്ടിയുള്ള ബുദ്ധിയുപദേശം നൽകിയും അവരിലെ ആത്മീയമൂല്യങ്ങളെ വളർത്തുവാൻ പ്രാർഥനാപൂർവ്വം നാം ശ്രമിക്കണം. ഈ പരിപാലനമാണ് അധ:പ്തനത്തിൽ നിന്നും അവരെ കാത്ത് സൂക്ഷിക്കുക.

പൗലോസ് അപ്പൊസ്തലൻ നമ്മെ ഓർമ്മിപ്പിക്കുകയാണ്, "അന്ത്യകാലത്ത് ദുർഘട സമയങ്ങൾ വരും എന്നറിക" (2 തീമൊത്തിയോസ് 3 : 1). മനുഷ്യനുണ്ടായ മൂല്യച്യുതിയാണ് ദുർഘട സമയങ്ങളെ സൃഷ്ടിക്കുന്നത്. അതേക്കുറിച്ച് പൗലോസ് വിവരിച്ചുവരവെയാണ് നാം ചിന്തിക്കുന്ന പരാമർശം നടത്തിയത്. ദൈവപ്രിയമില്ലാതെ ഭോഗപ്രിയരാകുന്ന മനുഷ്യർ ! (2 തീമൊഥെയോസ് 3 : 5). അവർക്ക് അവരുടെ ജഡത്തിൽ സന്തോഷിക്കണം സുഖിക്കണം എന്ന ചിന്ത മാത്രം. അതിനുള്ള ഉപാധികൾ മാത്രമാണ് അവർ അന്വേഷിക്കുന്നത്. അവർ ഭക്തിയുടെ

ആധുനിക വസ്ത്രധാരണ രീതിയും പരസ്യങ്ങൾക്കായുള്ള കോലം കെട്ടലുകളും എല്ലാം ഒരു വിധത്തിൽ പറഞ്ഞാൽ സ്ത്രീയെ അധ:പതനത്തിലേക്കല്ലേ നയിച്ചുകൊണ്ടിരിക്കുന്നത്. പീഡനം വിളിച്ചുവരുത്തുന്ന നിലയിലാണ് സ്ത്രീ അവളെത്തന്നെ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നത്. ആരാധനാ സ്ഥലങ്ങളിൽ പോലും കടന്നുവരുന്നത് ഭക്തി വിരുദ്ധമായ വേഷത്തിലും ഭാവത്തിലുമാണ്.

വേഷം ധരിക്കും, പക്ഷെ യഥാർഥ ഭക്തരായി അവരെ മാറ്റുന്ന ശക്തിയെ തൃജിക്കും. യഥാർഥ ഭക്തി നമ്മെ രൂപാന്തരത്തിലേക്കും ജയജീവിതത്തിലേക്കും നയിക്കുന്നതാണ്. അല്ലാത്ത ഒന്നിനേയും ആത്മീയത എന്ന് വിളിക്കുവാൻ സാധ്യമല്ല. ഇങ്ങനെയുള്ളവരെ വിട്ടോഴിയുവാനാണ് നമുക്ക് കല്പന. അവരോടുള്ള ചങ്ങാത്തം അപകടകരമാണ്.

ഈ പറഞ്ഞ കൂട്ടരുടെ സ്വാധീനതയിൽ വീഴുന്നവരാണ് പൗലോസ് പരാമർശിക്കുന്ന 'പെണ്ണുങ്ങൾ'. ഈ 'പെണ്ണുങ്ങൾ' നാനാമോഹങ്ങൾക്ക് അടിമകളായി കുറ്റബോധം ചുമന്ന് നടക്കുന്നവരാണ്. അകത്ത് രൂപാന്തരം വരാത്ത ഇവർക്ക് ആത്മീകമായത് ഗ്രഹിക്കുവാൻ കഴിവില്ല. പുതിയ പുതിയ ഉപദേശങ്ങളിൽ ആകൃഷ്ടരായി ഇവർ ആത്മീകതയിൽ സ്ഥിരതയില്ലാതെ നടക്കും, എന്നല്ലാതെ സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുകയില്ല. ഈ കൂട്ടർ ആത്മീയരുടെ ഇടയിലെ കല്ലുകടിയായി മാറും.

സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാൻ ആഗ്രഹിക്കുന്ന സഹോദരിമാരെ ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. അവർ കർത്താവിനോട് അർപ്പണ ബോധം ഉള്ളവരും ഭക്തിയുടെ ശക്തി അനുഭവിക്കുന്നവരുമാണ്. ദൈവവചനം ധ്യാനിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന ഈ പ്രിയപ്പെട്ടവർ സത്യം അറിയുന്നതിനാൽ ഉള്ള സ്വാതന്ത്ര്യം പ്രാപിക്കുന്നവരും മറ്റുള്ളവർക്ക് മാതൃകയായി മാറുന്നവരും ആണ്. അവർ സത്യത്തിന്റെ പരിജ്ഞാനം പ്രാപിച്ച് വളരുന്നവരാണ്. നാം ഓരോരുത്തരും ആ കൂട്ടത്തിൽ തന്നെ ആയിരിക്കണം.

സഹോദരിമാരുടെ ആത്മീയവളർച്ചയ്ക്കായി രൂപം കൊണ്ട സഹോദരി സമാജങ്ങൾ ഇന്ന് മിക്ക സഭകളുടേയും ഭാഗമായുണ്ട്. എന്നാൽ ഇത് യഥാർഥമായും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുണ്ടോ? ഈ കൂട്ടങ്ങൾ ഇന്ന് ചടങ്ങുകളായി

മാറിപ്പോയോ? ഒരു 'ഇളക്കപ്പെരുപ്പം' എന്നതിനേക്കാൾ പഠിക്കുവാനും ഗ്രഹിക്കുവാനും കഴിയുന്ന വേദപഠനത്തിനുള്ള അവസരം ഇന്ന് ഈ കൂട്ടങ്ങളിൽ ഉണ്ടോ? ഉത്തരവാദിത്തപ്പെട്ടവർ ഗൗരവമായി ഇത് ചിന്തിക്കേണമേ.

സത്യം അറിയുവാനുള്ള ഒരു ശരിയായ ആഗ്രഹം നമ്മിലുണ്ടാകണം. പഠിക്കുവാൻ ആഗ്രഹിക്കുന്ന ഹൃദയമുള്ളവരായി മാറുകയാണ് ആദ്യം ചെയ്യേണ്ടത്. തുടർന്ന് അന്വേഷണ ബുദ്ധിയോടെ ദൈവവചനം വായിക്കുക. അതിൽ എഴുതിയിരിക്കുന്നത് ഏത് പശ്ചാത്തലത്തിൽ എന്ന് ഗ്രഹിക്കുവാൻ ശ്രമിക്കുക. പ്രാർഥനയോടെ വചനം ധ്യാനിക്കുമ്പോൾ ആത്മീയ അർഥം ഉൾക്കൊള്ളുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കും. പരമാർഥഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കയും പ്രാർഥിക്കയും ദൈവവചനം ധ്യാനിക്കുകയും ചെയ്യുന്നവർക്ക് തെറ്റായ വചന വ്യാഖ്യാനവും ഉപദേശങ്ങളും കേൾക്കുമ്പോൾ അതിനോടുള്ള വിയോജിപ്പ് അവരുടെ അന്തരാത്മാവിൽ അവർ തിരിച്ചറിയും. അവരിൽ ക്രിയാത്മകമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവ് അവരെ സകല സത്യത്തിലും നടത്തുന്നതാകയാൽ വചനവിരുദ്ധമായതിനെ തിരിച്ചറിയുവാൻ അവർക്ക് പ്രാപ്തി കൊടുക്കും.

പ്രിയ സഹോദരിമാരെ, ഈ 'ദുർഘടമായ'കാലഘട്ടത്തിൽ ജീവിക്കുന്ന നാം വളരെ കരുതലുള്ളവരായിത്തീരാം. സത്യത്തിന്റെ പരിജ്ഞാനത്തിൽ നമുക്ക് മുന്നേറാം. സനാതനമായി നിലനിൽക്കുന്ന ദൈവവചനത്തിലെ ശരിയായ ഉപദേശങ്ങൾ മനസ്സിലാക്കി അവയെ മുറുകെ പിടിക്കാം. നമ്മുടെ ജീവിതം അനേകർക്ക് അനുഗ്രഹവും മാതൃകയുമായിരിക്കട്ടെ. ■





മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

പ്രതിഫലം നിശ്ചയിക്കുന്നതു മനോഭാവം

"നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു. പ്രവാചകൻ എന്നു വെച്ചു പ്രവാചകനെ കൈക്കൊള്ളുന്നവനു പ്രവാചകന്റെ പ്രതിഫലം ലഭിക്കും; നീതിമാൻ എന്നുവെച്ചു നീതിമാനെ കൈക്കൊള്ളുന്നവനു നീതിമാന്റെ പ്രതിഫലം ലഭിക്കും. ശിഷ്യൻ എന്നുവെച്ചു ഈ ചെറിയവരിൽ ഒരുവനു ഒരു പാനപാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്നവനു പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്തായി 10 : 40-42).

ഈ വേദഭാഗത്തു നിന്നു നമുക്കു ലഭിക്കുന്ന പാഠങ്ങൾ:

1) കർത്താവിന്റെ പ്രതിനിധികളാണ് നാം

കർത്താവു തന്റെ 12 അപ്പൊസ്തലന്മാരെ രാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കുവാൻ പറഞ്ഞയച്ചപ്പോൾ അവരോടു പറഞ്ഞ കാര്യങ്ങൾ ആണ് മുകളിൽ കൊടുത്തിരിക്കുന്ന വേദഭാഗത്തു നാം കാണുന്നത്. അതു ഇന്നു നമുക്കുള്ള ദൂതാണ്. കർത്താവു അവരെ അയച്ചതു തന്റെ പ്രതിനിധികളായിട്ടായിരുന്നു. സുവിശേഷം പ്രസംഗിക്കുന്ന ഓരോരുത്തരും കർത്താവിനെയാണ് പ്രതിനിധീകരിക്കുന്നത്. അതിനാൽ കർത്താവു കല്പിച്ചതല്ലാതെ മറ്റൊന്നും പ്രസംഗിക്കുവാനോ ചെയ്യുവാനോ നമുക്ക് അധികാരമില്ല. കർത്താവിനെ പ്രതിനിധീകരിക്കുന്ന ഒരാളെ ആർ കൈക്കൊള്ളുന്നുവോ അവർ കർത്താവിനെയാണ് കൈക്കൊള്ളുന്നത്. യേശുകർത്താവിനെ കൈക്കൊളളുന്നവർ പിതാവായ ദൈവത്തെ കൈക്കൊള്ളുന്നു. അതിനാൽ സുവിശേഷം പ്രസംഗിക്കുന്നതു ഉത്തരവാദിത്വമുള്ളതും മാന്യതയുള്ളതുമായ ഒരു കാര്യമാണ്. എതിർപ്പുകളും നിന്ദകളും അനുഭവിക്കുമ്പോഴും നമ്മുടെ ഉള്ളിൽ ഈ ബോധ്യവും പ്രാഗത്ഭ്യവും ഉണ്ടായിരിക്കണം. ലോകത്താലുള്ള അംഗീകാരത്തിൽ ആകൃഷ്ടരാകാതെ ദൈവത്താലുള്ള അംഗീകാരം ആഗ്രഹിക്കുന്നവരായിരിക്കണം നാം ഓരോരുത്തരും. നമ്മുടെ നടപ്പും, പ്രവൃത്തിയും സംസാരവുമെല്ലാം വിശുദ്ധനായ ദൈവത്തെ പ്രതിനിധീകരിക്കുന്നതിനു യോഗ്യവും ആയിരിക്കണം.

കർത്താവിനെ പ്രതിനിധീകരിക്കുന്ന ഒരാളെ ആർ കൈക്കൊള്ളുന്നുവോ അവർ കർത്താവിനെയാണ് കൈക്കൊള്ളുന്നത്. യേശുകർത്താവിനെ കൈക്കൊള്ളുന്നവർ പിതാവായ ദൈവത്തെ കൈക്കൊള്ളുന്നു.

2. ജനങ്ങൾക്കു ബോധ്യം വരണം

കർത്താവിനാൽ അയക്കപ്പെട്ടവരെ കാണുമ്പോൾ ജനങ്ങൾക്കു അവർ

ആരാണെന്ന ബോധ്യം ഉണ്ടാകുന്നു. പ്രവാചകൻ, നീതിമാൻ, ശിഷ്യൻ എന്നീ നിലയിലാണ് അവരെ ജനങ്ങൾ മനസ്സിലാക്കുന്നത്. കർത്താവിനാൽ അയക്കപ്പെട്ടവർ കർത്താവിന്റെ പ്രതിനിധികളായി കർത്താവിനായി ജനങ്ങളോടു സംസാരിക്കുന്നു. പ്രസംഗിക്കുവാൻ കർത്താവു കല്പിച്ച സുവിശേഷമാണ് അവർ പ്രസംഗിക്കുന്നത്. അതിനാൽ അവർ ദൈവത്തിന്റെ പ്രവാചകന്മാരാണ്. സ്വന്തത്തിൽ നിന്നും പ്രസംഗിക്കുന്നവർ കള്ളപ്രവാചകന്മാരാണ്. പ്രവാചകന്മാർ കർത്താവു അരുളിച്ചെയ്തിരിക്കുന്ന വചനത്തോടു ഒന്നും കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നില്ല. പ്രവാചകൻ എന്നു ബോധ്യം വന്നിട്ടു അവനെ സ്വീകരിക്കുന്നവർ അവരിലൂടെ ദൈവം അരുളിച്ചെയ്ത ദൈവവചനവും കൈക്കൊള്ളുകയാണ്. അപ്പോൾ അവർ കർത്താവിനെ കൈക്കൊള്ളുന്നു. പ്രവാചകനെ കൈക്കൊള്ളുന്നവർ പ്രവാചകനെ ദൈവം ഏല്പിച്ച ദൗത്യത്തിൽ പങ്കാളികൾ ആയിത്തീരുകയാണ്. പ്രവാചകന്റെ ശുശ്രൂഷ തികയ്ക്കുന്നതിനുള്ള ഭൗതീക ആവശ്യങ്ങളിൽ ഇവർ സഹായികൾ ആയി മാറുന്നു. അതിനാൽ പ്രവാചകനു നൽകുന്ന പ്രതിഫലത്തിൽ പ്രവാചകനോടൊപ്പം ഇവരും അർഹരായിത്തീരുന്നു. സുവിശേഷവേല എന്നതു ഒരു കൂട്ടുത്തരവാദിത്തമാണ്.

നീതിമാൻ എന്നാൽ നീതി ചെയ്യുന്നവൻ എന്നാണ്. കർത്താവു കല്പിച്ചതൊക്കെയും ചെയ്യുന്നവനാണ് നീതി ചെയ്യുന്നത്. സെഖര്യാവിനെക്കുറിച്ചും ഏലിസബേത്തിനെക്കുറിച്ചും സാക്ഷ്യപ്പെടുത്തിയിരിക്കുന്നതു ചിന്തനീയമാണ്. "ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു" (ലൂക്കോസ് 1: 6). ഇപ്രകാരം ഒരു സാക്ഷ്യം കർത്താവിനെ പ്രതിനിധീകരിക്കുന്ന ഓരോ വ്യക്തിക്കും ആവശ്യമാണ്. അവരെക്കുറിച്ചു ജനങ്ങൾക്കും ഈ ബോധ്യം ഉണ്ടാകണം. എങ്കിൽ മാത്രമെ നീതിമാന്മാർ എന്നുവെച്ചു കൈക്കൊള്ളുവാൻ കഴികയുള്ളു.

'ശിഷ്യൻ' എന്നതു കർത്താവിനെ പ്രതിനിധീകരിക്കുന്നവർക്കു അനുയോജ്യമായ പേരാണ്. ഗുരുവിനെ പ്രതിബിംബിപ്പിക്കുന്നവനാണ് ശിഷ്യൻ. ഗുരുവിനെപ്പോലെ ആകുക എന്നതാണ് ശിഷ്യന്റെ ലക്ഷ്യം. എല്ലാറ്റിലും ഗുരുവിനെ ശിഷ്യൻ അനുകരിക്കുന്നു. ഇതു ജീവിതശൈലിയാണ്. വാക്കുകളും ജീവിതവും ഒത്തുചേർന്നു പോകുന്നതാണ് യഥാർത്ഥ സുവിശേഷം. ജനങ്ങൾക്കു അപ്രകാരം ഒരു ബോധ്യം നമ്മെക്കുറിച്ചു ഉണ്ടാകണം. അപ്പോൾ മാത്രമാണ് ശിഷ്യൻ എന്നു വെച്ചു കൈക്കൊള്ളപ്പെടുവാൻ യോഗ്യതയുള്ളത്.

വാക്കുകളും ജീവിതവും ഒത്തുചേർന്നു പോകുന്നതാണ് യഥാർത്ഥ സുവിശേഷം. ജനങ്ങൾക്കു അപ്രകാരം ഒരു ബോധ്യം നമ്മെക്കുറിച്ചു ഉണ്ടാകണം. അപ്പോൾ മാത്രമാണ് ശിഷ്യൻ എന്നു വെച്ചു കൈക്കൊള്ളപ്പെടുവാൻ യോഗ്യതയുള്ളത്.

കൈക്കൊള്ളുന്നവർ അവർ ആരെ കൈക്കൊള്ളുന്നു എന്നു തിരിച്ചറിഞ്ഞു അർഹിക്കുന്ന അംഗീകാരം കൊടുത്തു കൈക്കൊള്ളണം. മനോഭാവം ഇവിടെ വളരെ പ്രസക്തമാണ്. ശരിയായ മനോഭാവത്തോടെ കൈക്കൊള്ളുന്നവരാണ് പ്രതിഫലത്തിനു യോഗ്യർ. 'പ്രവാചകൻ എന്നു വെച്ച്', 'നീതിമാൻ എന്നു വെച്ച്', 'ശിഷ്യൻ എന്നു വെച്ച്' ഈ പ്രയോഗങ്ങൾ ശ്രദ്ധിക്കുക. ദൈവവുമായുള്ള അവരുടെ ബന്ധം തിരിച്ചറിഞ്ഞാണ് അവരെ കൈക്കൊള്ളുന്നത്; അവരുടെ ലോകപരമായ യോഗ്യതകൾ നോക്കിയല്ല. അതിനാൽ അവർക്കു കൊടുക്കുന്ന ബഹുമാനം ദൈവത്തോടുള്ള ബന്ധത്തിലാണ്. ദൈവം ഏറ്റവും അധികം ശ്രദ്ധിക്കുന്നത് ഈ മനോഭാവത്തെയാണ്.

കണ്ണടച്ച് ആരെയും കൈക്കൊള്ളണമെന്നു ദൈവവചനം പഠിപ്പിക്കുന്നില്ല. കപടഭക്തിക്കാരെയും കള്ളപ്രവാചകന്മാരെയും ഒക്കെ നാം തിരിച്ചറിയണം എന്നു തന്നെയാണ് കർത്താവു ആഗ്രഹിക്കുന്നത്. അതിനാൽ കർത്താവു കപടഭക്തിക്കാരെ പരസ്യമായിത്തന്നെ വിമർശിച്ചു. പൊതു ജനം അവരെ തിരിച്ചറിയണം എന്നു കർത്താവു ആഗ്രഹിച്ചു. എഫെസോസിലെ സഭയെ കർത്താവു അഭിനന്ദിച്ച വിഷയമാണ് അവർ കള്ള അപ്പൊസ്തലന്മാരെ തിരിച്ചറിഞ്ഞതും നിരാകരിച്ചതും. "ഞാൻ നിന്റെ പ്രവൃ

ത്തിയും പ്രയത്നവും സഹിഷ്ണുതയും കൊള്ള രുതാത്തവരെ നിനക്കു സഹിച്ചുകൂടാത്തതും അപ്പൊസ്തലന്മാരല്ലാതിരിക്കെ തങ്ങൾ അപ്പൊ സ്തലന്മാർ എന്നു പറയുന്നവരെ നീ പരീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടതും.... ഞാൻ അറിയുന്നു" (വെളിപ്പാടു 2 : 2). കാരണം കർത്താവു തന്നെ പറഞ്ഞിരിക്കുന്നു, "കള്ളപ്രവാചകന്മാരെ സൂക്ഷി ച്ചുകൊൾവീൻ" (മത്തായി 7 : 15).

എന്നാൽ കർത്താവിനാൽ അയക്കപ്പെട്ട വി ശ്വസ്തവേലക്കാർ ഉണ്ടെന്നുള്ളതും നാം അറിയ ണം. അവരെ അംഗീകരിക്കുവാനും പ്രോത്സാ ഹിപ്പിക്കുവാനും കഴിയണം. അതിനുള്ള വിവേ ചന പ്രാപ്തി ദൈവമക്കൾ പ്രാപിക്കേണ്ടതാണ്. പരമാർത്ഥ ഹൃദയത്തോടെ ദൈവത്തെ സ്നേഹി ക്കുന്നവർക്കു വിവേചിക്കുവാനുള്ള കഴിവു ദൈവം കൊടുക്കും എന്നതു നിശ്ചയമായ കാ ര്യമാണ്. എന്നാൽ ഭോഷ്ക് ഇഷ്ടപ്പെടുന്നവർക്കു ഭോഷ്കിന്റെ ആത്മാവിനെ ആയിരിക്കും ലഭി ക്കുക എന്നും ദൈവവചനം വെളിവാക്കിയിരിക്കു ന്നു (2 തെസ്സലോനിക്യർ 2 : 11, 12).

3. ഏതു പ്രവൃത്തിക്കും പ്രതിഫലം.

"ശിഷ്യൻ എന്നു വെച്ചു ഈ ചെറിയവരിൽ ഒരുത്തനു ഒരു പാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്നവനു പ്രതിഫലം കിട്ടാതെ പോക യില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറ യുന്നു" എന്നു കർത്താവു അരുളിച്ചെയ്തിരിക്കു ന്നു. കർത്താവു അയക്കുന്നവരെക്കുറിച്ചു കർത്താവു ഉത്തരവാദിത്വമുള്ളവനാണ്. അവരെ ആളുകൾ എങ്ങനെ കാണണം, സ്വീകരിക്കണം, അവർക്കായി എന്തു ചെയ്യുന്നു, ആരെല്ലാം ചെയ്യു ന്നു, ഇതെല്ലാം കർത്താവു ശ്രദ്ധാപൂർവ്വം നിരീ ക്ഷിക്കുന്നു. ശരിയായ മനോഭാവത്തിനാണ് കർത്താവു മാർക്കിടുന്നത്. അവർക്കായി ചെയ്യു ന്നതിനെ തനിക്കായി ചെയ്യുന്നതായിട്ടാണ് കർത്താവു കണക്കിടുന്നത്. അതിനാൽ അവർക്കു പ്രതിഫലം നൽകേണ്ടതിനായി അവ രുടെ പേരു കുറിക്കപ്പെടുന്നു."യഹോവഭക്ത ന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്ന വർക്കും വേണ്ടി അവന്റെ സന്നിധിയിൽ ഒരു സ്മരണ പുസ്തകം എഴുതിവെച്ചിരിക്കുന്നു" (മലാഖി 3 : 16) എന്നുള്ളതു ഇതോടു ചേർത്തു ചിന്തിക്കുന്നത് ഉചിതം എന്നു ഞാൻ കരുതുന്നു.

"ഒരു പാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടു ക്കുന്നവൻ" എന്ന പ്രയോഗം ആ വ്യക്തിയുടെ പ്രാപ്തിയെയും മനസ്സിനെയുമാണ് കാണിക്കു

തനിക്കു ചെയ്യുവാൻ കഴിയുന്നതിനെ മടി കൂടാതെ, ഉത്സാഹത്തോടെ ചെയ്തു. കർത്താവ് അയച്ചവരെ കർത്താവിനോടുള്ള സ്നേഹത്തിലും ബഹുമാനത്തിലും സ്വീകരിച്ചു. കർത്താവ് ആ പ്രവൃത്തിയെ പ്രതിഫല യോഗ്യമായി പരിഗണിക്കുന്നു.

ന്നത്. ലുബ്ധൻ ആയതുകൊണ്ടല്ല, തനിക്കു കൂടു തൽ ചെയ്യുവാൻ പ്രാപ്തിയില്ലാത്തതുകൊണ്ടാണ് തണ്ണീർ മാത്രം കൊടുക്കുന്നത്. എന്നാൽ ത നിക്കു ചെയ്യുവാൻ കഴിയുന്നതിനെ മടി കൂടാതെ, ഉത്സാഹത്തോടെ ചെയ്തു. കർത്താവ് അയച്ച വരെ കർത്താവിനോടുള്ള സ്നേഹത്തിലും ബഹുമാനത്തിലും സ്വീകരിച്ചു. കർത്താവ് ആ പ്രവൃത്തിയെ പ്രതിഫല യോഗ്യമായി പരിഗണി ക്കുന്നു.

കർത്താവിന്റെ വേല കൂട്ടുത്തരവാദിത്ത ത്തോടെ ചെയ്യേണ്ടതാണ്. ഇതു സ്വന്ത കാര്യം പോലെ കാണേണ്ടതും ഗൗരവപൂർവ്വം ചെയ്യേണ്ട തുമാണ്. ആരും സഹായിച്ചില്ല എങ്കിലും അവ രവരെ ഏല്പിച്ച ദൗത്യം പൂർത്തീകരിക്കുന്നതിൽ ഓരോരുത്തരും ശ്രദ്ധാലുക്കൾ ആയിരിക്കണം. എന്നാൽ അതു അവരവരുടെ 'പേരു' ഉയർത്തു വാനുള്ളതാക്കി തീർക്കരുത്. എല്ലാവർക്കും പ ങ്കുള്ള പ്രവർത്തനമാണ് ദൈവവേല. എല്ലാ വർക്കും അതിനെ അങ്ങനെ കാണുവാനും അംഗീകരിക്കുവാനും കഴിയണം. അവരവരാൽ കഴിയുന്ന പങ്കാളിത്തം വഹിക്കുന്നതിനു ഓരോ രുത്തരും തയ്യാറാകണം.

വിശ്വസ്തരായ ദൈവവേലക്കാരെ കണ്ടെത്തി സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതി നും, അവരോടൊപ്പം കർത്താവിന്റെ വേലയിൽ പ ങ്കാളിത്തമുള്ളവരാകുവാനും ഓരോരുത്തരും ശ്രമി ക്കുമ്പോൾ ദൈവം ചെയ്യുവാൻ ആഗ്രഹിക്കു ന്നതു തന്റെ ജനത്തിലൂടെ പൂർത്തീകരിക്കപ്പെടു വാൻ ഇടയാകും. അപ്രകാരം ചെയ്യുന്നവർക്കു ള്ള പ്രബോധനം ഇതാണ്,

"ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധ ന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതി നാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നു കളയുവാൻ തക്കവണ്ണം അനീതിയുള്ളവ നല്ല" (എബ്രായർ 6 : 10).

ഉലയുന്ന പടകിലാണു യാത്ര

ഉലയുന്ന പടകിലാണു യാത്ര ചെയ്യുന്നതെങ്കിലും ഒരു കാര്യം നമുക്കറിയാം പടക് അക്കരെയെത്തുന്നതുവരെയേ ഇത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതുള്ളൂ. എത്തുന്നത് ശുഭതുറമുഖത്താണ്, അവിടെ എത്തിയാൽ പിന്നെ എല്ലാം സുരക്ഷിതമാണ് എന്നും ആനന്ദമാണ്. യാത്രാമധ്യേയും ഒന്നാശ്വസിക്കാം, ദൃശ്യമായത് പ്രക്ഷുബ്ധമായ കടലാണെങ്കിലും അദൃശ്യമായ ഒരു ദിവ്യസാന്നിധ്യം നമുക്ക് ഒപ്പമുണ്ട്. എന്നിട്ടും അകാരണമായി ആകുലപ്പെടുന്നത് നമ്മുടെ സ്വഭാവമാണ്, അതു ദൈവാശ്രയം കുറയുന്നതിന്റെ അടയാളവുമാണ്. അപ്പോൾപ്പിന്നെ ആവലാധിയും മറ്റുള്ളവരെക്കുറിച്ചു പരാതിയും ഒക്കെ ഉണ്ടാകും.

കാറ്റും കോളും അമിതമായപ്പോൾ നടത്തിപ്പുകാരെയും സഹയാത്രികരെയും ദൈവത്തെയും പഴിക്കാതെ സ്വയം കുറ്റം ഏറ്റെടുത്ത യോനാ അക്കാര്യത്തിലൊരു മാതൃകയാണ്. പടക് ഉലയുമ്പോൾ സ്വയശോധന നടത്തി ജീവിതത്തിലെ പാളിച്ചകൾ കണ്ടെത്തിയാൽ അതു പ്രയോജനം ചെയ്യും. എന്നാൽ ഒരു ആത്മഹത്യക്കാരന്റെ മാനസികാവസ്ഥയിലേക്കു നീങ്ങരുതെന്നു മാത്രം. 'ഞാനല്ലേ കുറ്റക്കാരൻ ഞാനങ്ങ് ഒഴിവായേക്കാം, എന്നെ കടലിൽ കളയുക' എന്ന് ചിന്തിക്കുന്ന 'യോനയുടെ മനസ്സ്' ശരിയല്ല. മത്സ്യത്തിന്റെ വയറിനകത്തനുഭവിച്ച, കുറെക്കുടെ കഠിനമായ ശോധനയിൽ ചെന്നുകഴിഞ്ഞുണ്ടായ നിലവിളിയായിരുന്നു കപ്പലിൽ വെച്ചുതന്നെ വേണ്ടിയിരുന്നത്. കപ്പല്ക്കാർ പോലും വിളിച്ചുണർത്തി ഉപദേശിച്ചത് പ്രാർഥിക്കാനായിരുന്നു. മനസ്സിൽ വിനയവും ഉള്ളിൽ തകർച്ചയും ഉണ്ടായാലേ നാവിൽ അത്തരം പ്രാർഥനാവാക്കുകൾ വരൂ, കൺകോണുകളിൽ അനുതാപത്തിന്റെ ചുടുനീർ ഉറവ തുറക്കൂ.

ജീവിതപടക് ഉലയുന്നു എന്നു തോന്നുന്നുവെങ്കിൽ പടകിനെ ഉലയ്ക്കുന്നത് സമുദ്രത്തിന്റെ സ്വഭാവമാണെന്ന യാഥാർഥ്യവും മറക്കരുത്. ഉല്ലാസയാത്രയ്ക്കും ആസ്വാദനത്തിനും വേണ്ടിയുള്ള ഒരു ഇടവേളയിലല്ല നാം ആയിരിക്കുന്നത്, സുപ്രധാനമായ ഒരു ലക്ഷ്യത്തിലേക്കുള്ള ഗൗരവമേറിയ യാത്രയിലാണ്. അക്കരെ എത്തിക്കാതെ വഴിമധ്യേ തകർത്തുകളയുവാനും ആഴത്തിൽ മുക്കിക്കളയുവാനും പദ്ധതിയിട്ട് ചുഴികളൊരുക്കുന്ന ഒരു പ്രഭവകേന്ദ്രം ഉണ്ടെന്നുള്ളതും ഓർമയിലിരിക്കണം. ലക്ഷ്യസ്ഥാനത്തേക്കുറിച്ചുള്ള ഗൗരവം ഉൾക്കൊണ്ടാണോ നാം പടകു തുഴയുന്നത് എന്നു ചിന്തിക്കുക. അതോ ഇവിടെ കാണുന്ന ചെറുതുരുത്തുകളിൽ ജീവിതാസ്വാദനമാണോ ലക്ഷ്യം. നമ്മുടെ യുവതലമുറയെയും ഇക്കാര്യത്തിൽ ആശങ്കയോടെ വേണ്ടേ വീക്ഷിക്കാൻ? ഇന്ന് ആസ്വാദനങ്ങളല്ലേ മിക്കവർക്കും വേണ്ടത്, ഉല്ലാസയാത്രയുടെ മനോഭാവത്തിലല്ലേ ജീവിത നൗകയിൽ പലരും അടിച്ചു പൊളിച്ചു നീങ്ങുന്നത്?.



കെ.വി. രാജു

Bank Account Details:

SOUTH INDIAN Bank

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
South Indian Bank,
Kanjikuzhy - Kottayam.

വാർഷിക വരിസംഖ്യ 200 രൂപ

നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....


അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം
ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും
കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.02.2020

NERVEEDHI FEBRUARY 2020
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ





കുടുംബജീവിതത്തിൽ നിങ്ങൾ സന്തുഷ്ടരോ?
നിങ്ങളുടെ പ്രശ്നങ്ങൾ നിങ്ങൾക്ക് പരിഹരിക്കാൻ കഴിയുന്നവയാണ്.
ഊഷ്മളതയുള്ള കുടുംബ ബന്ധത്തിന് നിങ്ങൾ
ആഗ്രഹിക്കുന്നു എങ്കിൽ ഇതാ...
കുറെ പ്രായോഗിക നിർദ്ദേശങ്ങൾ!

സുരഭിലഭവനം

അനുഗ്രഹീതവും
സന്തുഷ്ടി നിറഞ്ഞതുമായ
കുടുംബജീവിതത്തിന്
ആവശ്യമായ പ്രായോഗിക ഉപദേശങ്ങൾ.



മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു?

ആശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ ചിന്തകന്മാർ നൽകുന്ന മറുപടി എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലുടനീളം ഈ അറിവുകൾ വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു.
അവയെ തിരഞ്ഞു കണ്ടെടുത്ത് ചിട്ടപ്പെടുത്തിയ പഠനങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ്

പ്രത്യാശ മരണത്തിനപ്പുറം.

ഈ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ അറിവു മാത്രമല്ല നിത്യതയ്ക്കായി ഒരുങ്ങാനുള്ള പ്രേരണയും ലഭിക്കും എന്നതു സുനിശ്ചിതമാണ്. പ്രിയപ്പെട്ടവരുടെ മരണം വരുത്തിയ മുറിവുകൾ ഉണങ്ങാനുള്ള ഔഷധമായും ഇതിലെ പ്രത്യാശാവചനങ്ങൾ ഫലകരമായിത്തീരും. അനുഗ്രഹീത ദൈവദാസൻ **ജോയ് എം തോമസ്** എഴുതിയ ഈ ഗ്രന്ഥം ഈ വിഷയത്തിലുള്ള സംശയങ്ങൾക്ക് തൃപ്തികരമായ മറുപടിയാണ്.

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building, Oravakal
Amayannoor P.O
Kottayam - Kerala 686019
Mob: 08547916678
www.nerveedhi.com

Edited, Printed and Published by K.V Raju on behalf of the Righteous Path Publication Trust and printed at Penta Offset Press, Kanjikuzhy, Kottayam–686004 and published at Mackal Building, Amayannoor P.O, Kottayam - 686019.